VOL NO: 09
ISSUE 46
2025 NOVEMBER 15
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

- ജനാധിപത്യത്തെ അട്ടിമറിക്കുന്ന വോട്ട് കൊള്ള

# ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ



പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് വില കൽപ്പിക്കുന്നു എന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന സൗന്ദര്യത്തിന് മങ്ങലേൽപ്പിക്കുന്ന വാർത്തകളാണ് ജനാധിപത്യരാഷ്ട്രങ്ങളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. ദിശാബോധത്തോടെ ജനങ്ങളെ നയിച്ച നേതാക്കന്മാരുടെ അഭാവം തന്നെയാണ് ഏതൊരു ദർശനത്തിന്റെയും പരാജയം.

**സൃഷ്ടിപൂജ നടത്തുന്നവർ**

**രോഗം ഒരു പരീക്ഷണമാണ്**

**ബഹുഭാര്യത്വം വീണ്ടും ചർച്ചാവിഷയമാകുമ്പോൾ**




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

460

# നേർപഥം

വാരിക

2025 നവംബർ 15
1447 ജമാദുൽ അവ്വൽ 24
പുസ്തകം 09 / ലക്കം 46

Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




മുഫീദ് പാലക്കാഴി

പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് വില കൽപിക്കുന്നു എന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന സൗന്ദര്യത്തിന് മങ്ങലേൽപിക്കുന്ന വാർത്തകളാണ് ജനാധിപത്യരാഷ്ട്രങ്ങളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. ദിശാബോധത്തോടെ ജനങ്ങളെ നയിച്ച നേതാക്കന്മാരുടെ അഭാവം തന്നെയാണ് ഏതൊരു ദർശനത്തിന്റെയും പരാജയം.

**04** മുഖമൊഴി
ജനാധിപത്യത്തെ അട്ടിമറിക്കുന്ന വോട്ട് കൊള്ള

**06** പഠനം
ആഹാദായ ഹദീസുകൾ അസ്വീകാര്യമോ?
ആരിഫ് ബുസ്താനി

**16** ലേഖനം
സൃഷ്ടിപൂജ നടത്തുന്നവർ
ശമീർ മദീനി

**18** ലേഖനം
ഇസ്‌ലാമിനു വേണ്ടി ഒരിറ്റു കണ്ണുനീർ
മുസ്ത്വഫ ലുത്വുഫി അൽമൻഫലൂത്വി:
പരിഭാഷ:
ഇ.യൂസുഫ് സാഹിബ് നദുവി, ഓച്ചിറ

**21** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു ഖസ്വസ്വ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** കാഴ്ച
ആയിരത്തിന് നൂറു കുറവ്!
ഇബ്നു അലി എടത്തനാട്ടുകര

**26** ലേഖനം
രാപകലുകൾ
ഡോ. ടി. കെ. യൂസുഫ്

**29** വനിതാപഥം
രോഗം കൊണ്ടുള്ള നേട്ടങ്ങൾ
നസീമ വാടാനപ്പള്ളി

**32** കവിത
തനിച്ചല്ല ഞാൻ
ശഫീന ബിൻത് അബ്ദുർറഹ്മാൻ

**33** നമുക്കുചുറ്റും
ബഹുഭാര്യത്വം വീണ്ടും ചർച്ചാവിഷയമാകുമ്പോൾ...
ടി.കെ അശ്റഫ്

**34** കവിത
ഗസ്സയിലെ പൈതൽ
ആമിന അബ്ദുൽ മുജീബ് രാമപുരം

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ഷാർജ അന്താരാഷ്ട്ര പുസ്തകമേളക്ക് വർണാഭമായ തുടക്കം

ഷാർജ: 44ാമത് ഷാർജ അന്താരാഷ്ട്ര പുസ്തകമേള വൻ ജനപങ്കാളിത്തത്തോടെ നടന്നുകൊണ്ടിരിക്കുകയാണ്. പുസ്തകങ്ങളെയും വായനയെയും ഇഷ്ടപ്പെടുന്നവരുടെ ഒരു അന്താരാഷ്ട്ര ഉത്സവം തന്നെയാണ് ഈ പരിപാടി എന്ന് നിസ്സംശയം പറയാം. ഷാർജ ഭരണാധികാരി ശെയ്ഖ് ഡോ. സുൽത്വാൻ ബിൻ മുഹമ്മദ് അൽഖാസിമിയുടെ ദീർഘവീക്ഷണവും വിശാലമായ കാഴ്ചപ്പാടും വിജ്ഞാനത്തോടുള്ള പ്രതിബദ്ധതയും പ്രതിഫലിച്ചുനിൽക്കുന്ന മഹത്തായ ഒരു സംരംഭമാണ് ഈ പുസ്തകമേള. ഓരോ വർഷവും ഇവിടേക്ക് ഒഴുകിയെത്തുന്ന പ്രസാധകരുടെയും സാഹിത്യ-സാംസ്കാരിക നായകൻമാരുടെയും എണ്ണത്തിൽ വലിയ വർധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത്തവണ രണ്ടായിരത്തിൽപരം പ്രസാധകരുടെ പുസ്തകങ്ങളാണുള്ളത്.

മേള തുടങ്ങുന്നതിന്റെ തലേദിവസം നടന്ന പ്രസാധക കോൺഫറൻസ് ഏറെ പ്രൗഢമായിരുന്നു. വിശാലമായ ഹാളിൽ മനോഹരമായി ഒരുക്കിയ സംവിധാനങ്ങൾ. നൂറുകണക്കിന് ചെറു മേശകൾക്ക് ചുറ്റുമിരുന്ന് നടക്കുന്ന ചർച്ചകൾ. വിസ്മയിപ്പിക്കുന്നവിധം ആതിഥ്യമര്യാദയോടെ ചായയും കാപ്പിയും വിതരണം ചെയ്യുന്ന, മേശയും കസേരയും പൊതിഞ്ഞിരിക്കുന്ന തൂവെള്ള തുണികൾ ഇടയ്ക്കിടെ മാറ്റി പുതുമ നിലനിർത്തുന്നതിൽ ശ്രദ്ധ പുലർത്തുന്ന ജോലിക്കാർ... വൃത്തിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമില്ല!

ഉദ്ഘാടന ദിവസം രാവിലെ ശെയ്ഖിന്റെ സന്ദർശനം മുടക്കാറില്ല. അതുകൊണ്ടുതന്നെ ഉദ്ഘാടനത്തിനു മുമ്പായി മുഴുവൻ സംവിധാനങ്ങളും പൂർത്തിയാക്കും. പണി പൂർത്തിയാക്കാത്ത ഒരു സ്റ്റാളു പോലും കാണാൻ സാധ്യമല്ല. എല്ലാം ഒന്നിനൊന്ന് മെച്ചം. ദിനേന പുസ്തക പ്രസാധന ചടങ്ങുകൾ നടന്നുകൊണ്ടിരിക്കുന്നു. വിവിധ ഹാളുകളിലും സ്റ്റാളുകളിലുമായി വിവിധ ഭാഷകളിലെ എഴുത്തുകാരും സാംസ്കാരിക നായകരും പങ്കെടുക്കുന്ന ചർച്ചകൾ നടക്കുന്നത് കാണാനാകും. ചില വായനക്കാർ അവർ വായിച്ച പുസ്തകങ്ങളുടെ രചയിതാക്കളെ കാണുമ്പോൾ അവരിൽ നിന്നും അവരുടെ കൈപ്പടയിൽ സന്ദേശങ്ങൾ എഴുതി വാങ്ങുന്നതും കാണാവുന്നതാണ്.

Children’s Reading Zone എന്ന വിഭാഗത്തിൽ വർക്ക്ഷോപ്പുകൾ, കഥപറച്ചിൽ, ആർട്ട് ആൻഡ് ക്രാഫ്റ്റ് ക്ലാസുകൾ തുടങ്ങിയവയും സംഘടിപ്പിക്കുന്നു. ഇ-ബുക്കുകൾ, ഓഡിയോ ബുക്കുകൾ, ഡിജിറ്റൽ റീഡിംഗ് പ്ലാറ്റ്ഫോമുകൾ എന്നിവയെക്കുറിച്ചുള്ള പ്രത്യേക സെഷനുകളും ഇവിടെ നടക്കുന്നുണ്ട്.

അപൂർവമായി മാത്രം ലഭ്യമാകുന്ന ഗ്രന്ഥങ്ങൾ എന്തു വില കൊടുത്തും സ്വന്തമാക്കാനായി പുസ്തകമേളയിലേക്ക് എത്തുന്നവരുണ്ട്. വാങ്ങാൻ ഉദ്ദേശിക്കുന്ന ഗ്രന്ഥങ്ങളുടെ ലിസ്റ്റുമായി പലരും ഓരോ സ്റ്റാളിലും കയറിയിറങ്ങുന്നു. കുട്ടികൾക്ക് മാത്രമായുള്ള പുസ്തകങ്ങളുമായി ഒട്ടേറെ സ്റ്റാളുകളുണ്ട്. അൽപം മാത്രം എഴുത്തും കൂടുതൽ ചിത്രങ്ങളുമുള്ള, കട്ടിയേറിയ ഏടുകളുള്ള വർണാഭമായ പുസ്തകങ്ങളാണ് ഏറെയും. അതിനനുസരിച്ച് നല്ല വിലയുമുണ്ട്.

കേരളത്തിലെ ഒട്ടുമിക്ക പ്രസാധകരുടെയും സ്റ്റാളുകൾ ഇത്തവണയുമുണ്ട്. വിസ്ഡം ബുക്സിന്റെയും പീസ് റേഡിയോയുടെയും സ്റ്റാളുകൾ ഏതു സമയത്തും സന്ദർശകരാൽ സജീവമാണ്. പീസ് റേഡിയോ സ്റ്റാളിൽ സന്ദർശകർക്കായി ക്വിസ് മത്സരവും കുട്ടികൾക്ക് പരിപാടികൾ അവതരിപ്പിക്കാൻ അവസരവും നൽകുന്നതിനാൽ തിരക്കൊഴിഞ്ഞ സമയമില്ല.

പിഎൻ അബ്ദുല്ലത്വീഫ് മദനി, കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ അശ്റഫ്, ഹുസൈൻ സലഫി, സയ്യിദ് മുഹമ്മദ് ശാകിർ, ഉസ്മാൻ പാലക്കാഴി തുടങ്ങിയവർ വിസ്ഡം ബുക്സ്-പീസ് റേഡിയോ സ്റ്റാൾ ഉദ്ഘാടന സെഷനിൽ പങ്കെടുത്തു. യുഎഇയിലെ വിസ്ഡം സാരഥികളായ അബ്ദുസ്സലാം ആലപ്പുഴ, ശംസുദ്ദീൻ ഹൈദർ, അഷ്റഫ് പുതുശ്ശേരി, ഷമീം ഇസ്മാഈൽ, ഷാനവാസ് ഫരീദ് തുടങ്ങിയവരുടെയും സഹപ്രവർത്തകരുടെയും അക്ഷീണ പ്രയത്നം എടുത്തു പറയേണ്ടതാണ്.

# ജനാധിപത്യത്തെ അട്ടിമറിക്കുന്ന വോട്ട് കൊള്ള

പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി പുറത്തുവിട്ട, വിവിധ സംസ്ഥാനങ്ങളിൽ വോട്ടർമാരുടെ കാര്യത്തിൽ നടത്തിയ കൃത്രിമങ്ങളുടെ വിവരങ്ങൾ ഏറെ ഞെട്ടിക്കുന്നതാണ്. ജനാധിപത്യ സംവിധാനത്തെ തകർത്തുകൊണ്ട് അധികാരം നിലനിറുത്താനും പിടിച്ചെടുക്കാനുമുള്ള നെറികെട്ട പ്രവർത്തനങ്ങളാണ് നടത്തിയിരിക്കുന്നത്.

25 ലക്ഷം വോട്ടുകളാണ് ഹരിയാനയിൽ വ്യാജമായി ചേർത്തിരിക്കുന്നത്. ഒരു മേൽവിലാസത്തിൽ തന്നെ 501 വോട്ടർമാർ. 3.5 ലക്ഷം കോൺഗ്രസ് വോട്ടുകൾ വെട്ടിക്കളഞ്ഞു. കർണാടകയിലെ മാധവപുര മണ്ഡലത്തിൽ ഒരു ലക്ഷം വോട്ടുകളിലാണ് കൃത്രിമം കണ്ടെത്തിയത്. 80 വോട്ടർമാർവരെ ഒരു വിലാസത്തിൽ! മഹാരാഷ്ട്രയിൽ 39 ലക്ഷം പുതിയ വോട്ടർമാരാണ് ലോക്സഭാ, നിയമസഭ തിരഞ്ഞെടുപ്പുകൾക്കിടയിൽ വർധിച്ചിട്ടുള്ളത്. ഒരേ പേരിലും ഒരേ വിലാസത്തിലും പല വോട്ടുകൾ ഉള്ളതായി രാഹുൽ ഗാന്ധി തെളിവുകൾ സഹിതം സമർഥിച്ചു.

ബീഹാറിൽ SIR ഉപയോഗിച്ച് 65 ലക്ഷം വോട്ടുകളാണ് 2025 ജൂൺ, ജൂലൈ മാസങ്ങളിൽ നീക്കം ചെയ്തത്. അതോടൊപ്പം വ്യാജവോട്ടുകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിംകളായ വോട്ടർമാരെ പലയിടത്തും കൂട്ടത്തോടെ നീക്കം ചെയ്തു. പശ്ചിമ ബംഗാളിൽ 2002ലെ വോട്ടേഴ്സ് ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് SIR തയ്യാറാക്കിയത്. മുസ്‌ലിംകളെ ഒഴിവാക്കുകയാണ് ലക്ഷ്യം. ബിജെപിക്ക് അനുകൂലമായി വ്യാജവോട്ടുകൾ ചേർക്കുകയും ചെയ്തു.

മധ്യപ്രദേശിൽ 16 ലക്ഷം പുതിയ വോട്ടുകൾ 2023 ആഗസ്റ്റ്-ഒക്ടോബർ മാസങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് ചേർത്തു. തമിഴ്നാട്ടിൽ 2021ലെ തെരഞ്ഞെടുപ്പിനു മുമ്പായി 13000 വോട്ടർമാരെ ഒരു മണ്ഡലത്തിൽനിന്നും നീക്കം ചെയ്തു. ഡൽഹിയിൽ ആയിരക്കണക്കിന് ആം ആദ്മി വോട്ടർമാരെ 2025ലെ തെരഞ്ഞെടുപ്പിനു മുമ്പ് നീക്കം ചെയ്തു.

കേരളത്തിലെ തദ്ദേശഭരണ തെരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പ് വേളയിലാണ് SIRമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഇറങ്ങിയിരിക്കുന്നത്. രണ്ടിടത്തും പ്രവർത്തിക്കേണ്ടത് ഒരേ ഉദ്യോഗസ്ഥരാണ് എന്നുള്ളതുകൊണ്ട് കേരളത്തിലെ SIR മാറ്റിവയ്ക്കണം എന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം അംഗീകരിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറായില്ല. എന്നാൽ മഹാരാഷ്ട്രയിൽ ഇതേ കാരണം പറഞ്ഞു മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലും ആസാമിലും 2026 ആദ്യത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. ഇതനുസരിച്ച് ആസാമിലെ SIR നടപ്പാക്കൽ മാറ്റിവെച്ചു. എന്നാൽ കേരളത്തിൽ ഈ ഇളവ് അനുവദിക്കുവാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറല്ല. കേരളത്തിൽ ബിജെപി ഒഴികെ എല്ലാ രാഷ്ട്രീയ പാർടികളും 2002നെ അടിസ്ഥാനമാക്കിയുള്ള SIRനെ എതിർക്കുന്നു.

ബിജെപി ഇന്ന് കേന്ദ്രം ഭരിക്കുന്നത് വ്യാജവോട്ടുകളുടെ ബലത്തിലാണെന്നത് വ്യക്തമായിക്കഴിഞ്ഞു. 25 സീറ്റുകളിലെ ഫലം വ്യത്യസ്തമായിരുന്നെങ്കിൽ മോദി ഇന്ന് പ്രധാനമന്ത്രിയല്ല.

‘ഇലക്ഷൻ കമ്മീഷണറെ തിരഞ്ഞെടുക്കുന്ന സമിതിയിൽ നിന്ന് ചീഫ് ജസ്റ്റിസിനെ നീക്കി. ഇലക്ഷൻ കമ്മീഷനെതിരെ കേസ് കൊടുക്കാനുള്ള ജനങ്ങളുടെ അവകാശം ഇല്ലാതാക്കി. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെളിവുകൾ 5 വർഷം സൂക്ഷിച്ചിരുന്നത് 45 ദിവസമായി കുറച്ചു. VV PAT തെളിവുകൾ 45 ദിവസത്തിനകം നശിപ്പിക്കാൻ നിയമമുണ്ടാക്കി.’ വോട്ട് ചോരിക്കായി നിലമൊരുക്കുന്നതിന് കേന്ദ്രഭരണകൂടം നടത്തിയ കുതന്ത്രങ്ങളാണ് ഇതെല്ലാം. തിരഞ്ഞെടുപ്പ് കമ്മീഷനിൽനിന്നും കോടതികളിൽനിന്നും ഈ വിഷയത്തിൽ നീതി ലഭിക്കില്ല എന്ന് ഉറപ്പായിരിക്കെ ജനകീയ പ്രതിരോധവും പ്രതിഷേധവും ശക്തമാക്കൽ അനിവാര്യമാണ്.

ആരിഫ് ബുസ്താനി




# ആഹാദായ ഹദീസുകൾ അസ്വീകാര്യമോ?

അറിവില്ലാത്ത കാര്യങ്ങൾ അറിവുള്ളവരോട് ചോദിക്കാൻ അല്ലാഹു (അമ്പിയാഅ്:7) ഉൽബോധിപ്പിക്കുന്നുണ്ട്. അവിടെ അറിവുള്ളവരുടെ എണ്ണപ്പെരുപ്പം ഒരു മാനദണ്ഡമായി പറയുന്നില്ല. സത്യവിശ്വാസി അല്ലാഹുവിന് വേണ്ടി സാക്ഷിയാകണമെന്നും നീതിയിൽ നിലകൊള്ളണമെന്നും (അന്നിസാഅ്:135) അല്ലാഹു ഉണർത്തുന്നു. ഒറ്റ വ്യക്തിയുടെ സാക്ഷ്യം സ്വീകരിക്കേണ്ടത് സമൂഹത്തിന് ബാധ്യതയില്ലെങ്കിൽ ഇപ്പറയുന്നതിലെന്തർഥമാണുള്ളത്? ഏതെങ്കിലും നാട്ടിൽ മുസ്‌ലിമായിട്ട് ഒരാൾ മാത്രമാണുള്ളതെങ്കിൽ എങ്ങനെയാണ് അയാൾ സാക്ഷിയാകുക? ഒരു ഫാസിക് (അധർമകാരി) ഒരു വാർത്തയുമായി വന്നാൽ അത് അന്വേഷിച്ച് ഉറപ്പുവരുത്തണമെന്ന് (ഹുജുറാത്ത്:6) അല്ലാഹു പറയുന്നു. ഒരു അധർമിയുടെ പോലും ഒറ്റ സാക്ഷ്യം അന്വേഷിച്ചറിഞ്ഞ് സത്യമാണെന്ന് ബോധ്യപ്പെട്ടാൽ വിശ്വസിക്കാമെന്ന് വന്നാൽ വിശ്വാസിയായ വ്യക്തി ഒരു വാർത്തയുമായി വന്നാൽ വിശ്വസിക്കുന്നതിലെന്താണ് തെറ്റ്?

താങ്കളെ വധിക്കാൻ പ്രമുഖ വ്യക്തികൾ ആലോചന നടത്തുന്നുണ്ടെന്നും അതിനാൽ താങ്കൾ ഈജിപ്ത് വിടണമെന്നും മൂസാ നബി (അ)യോട് ഒരാൾ വന്നു പറഞ്ഞു. ആ ഒരാളുടെ വാക്ക് വിശ്വസിച്ചാണ് മൂസാ നബി(അ) ഈജിപ്ത് വിട്ടത്. അഹ്സാബ് 34ാം വചനത്തിൽ തങ്ങളുടെ വീടുകളിൽ വെച്ച് ഓതിക്കേൾപിക്കപ്പെടുന്ന വചനങ്ങൾ മറ്റുള്ളവരോട് പറയാൻ പ്രവാചകപത്നിമാർക്ക് നിർദേശമുണ്ട്. പത്നിമാർ ഒറ്റക്കൊറ്റക്ക് പറയുന്ന കാര്യങ്ങൾ അംഗീകരിക്കൽ ജനങ്ങൾക്ക് ബാധകമല്ലെങ്കിൽ അല്ലാഹു ഇങ്ങനെ പറയുന്നതിലെന്തർഥമാണുള്ളത്?

**ഉൽകൃഷ്ട സമൂഹം**

അല്ലാഹുവിന്റെ റസൂൽ(സ്വ) വളർത്തിയെടുത്തിട്ടുള്ള സമൂഹം ഏറ്റവും ഉൽകൃഷ്ടരായിരുന്നു. അവർക്കിടയിൽ നിലനിന്നിരുന്ന പകയും വെറുപ്പും നബി(സ്വ) അവസാനിപ്പിച്ചു. അവർ പരസ്പരം വിശ്വസിച്ചും കൊണ്ടും കൊടുത്തും ജീവിച്ചു. ഉച്ചനീചത്വചിന്ത അവരിലുണ്ടായിരുന്നില്ല. എല്ലാവരും തുല്യർ. ഒരാൾക്കറിയാത്തത് മറ്റൊരാളോട് ചോദിച്ചറിയും. പരസ്പരം തെറ്റുകൾ തിരുത്തിക്കൊടുക്കും. ആരെക്കുറിച്ചും മോശമായ ചിന്ത വെച്ചുപുലർത്തിയില്ല. അവതരിപ്പിക്കപ്പെട്ട ക്വുർആനിക വചനങ്ങൾ നബി(സ്വ) അവരെയാണ് ആദ്യം പഠിപ്പിച്ചത്. അവർക്കാണ് അത് നേരിട്ടു വ്യാഖ്യാനിച്ചുകൊടുത്തത്. അവരാണ് ആദ്യമായി കേട്ടതും പിൻപറ്റിയതും ജീവിതത്തിൽ പകർത്തിയതും. ഓരോ വചനം ഇറങ്ങുമ്പോഴും അതിന്റെ സന്ദർഭവും സാഹചര്യവും അവർക്കറിയാമായിരുന്നു. ഇങ്ങനെയൊരു സമൂഹത്തെ മുൻനിറുത്തിയാണ് റസൂൽ(സ്വ) 'ഞാനും എന്റെ അനുചരന്മാരും നിലകൊണ്ട മാർഗത്തിൽ നിലകൊണ്ടവർ സ്വർഗത്തിലാണ്' എന്ന് പറഞ്ഞത്.

ഈ ഉൽകൃഷ്ട സമൂഹം ഒരു കാര്യം വിശ്വസിക്കുകയും ആചരിക്കുകയും ചെയ്യുന്നുവെങ്കിൽ അത് മുഹമ്മദ് നബി(സ്വ) പഠിപ്പിച്ചതായിരിക്കും. നബി(സ്വ)യുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും അനുസരിച്ചായിരുന്നു അവരുടെ ജീവിതം മുന്നോട്ടുപോയിരുന്നത്. ഹദീസ് സ്വീകരിക്കുന്ന വിഷയത്തിൽ നബി(സ്വ)യിൽനിന്ന് ഒരാൾ മാത്രം കേട്ടത് പറ്റില്ല, കുറഞ്ഞത് രണ്ടാളെങ്കിലും കേൾക്കേണ്ടതുണ്ട് എന്നൊന്നും അവർ നിബന്ധന വെച്ചിരുന്നുമില്ല. ഇത് തന്നെയായിരുന്നു താബിഉകളുടെ സ്ഥിതി.

നബി(സ്വ)യുടെ ഭാര്യമാരുടെ കാര്യമെടുക്കുക. അല്ലാഹുവിന്റെ ദൂതന്റെ പ്രവർത്തനത്തിന് പലപ്പോഴും ഏതെങ്കിലുമൊരു ഭാര്യ മാത്രമായിരിക്കും സാക്ഷി. മൂന്നാമതൊരാൾ അവിടെ ഉണ്ടായിരിക്കണമെന്നില്ല. ഒരാളുടെ മാത്രം റിപ്പോർട്ട് സ്വീകാര്യമല്ല എന്നുവന്നാൽ പ്രവാചകന്റെ കുടുംബജീവിത മാതൃകകളിൽ പലതും വിസ്മൃതമായിപ്പോകുന്നതാണ്. 'എന്റെ വാക്കു കേട്ട് ഹൃദിസ്ഥമാക്കുകയും മനസ്സിലാക്കുകയും മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്ത ദാസന്റെ മുഖം അല്ലാഹു ശോഭയുള്ളതാക്കട്ടെ' എന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. അതിൽ 'ഒരു ദാസൻ' എന്ന പ്രയോഗമാണുള്ളത്. അതായത്, ഒരാൾ കേട്ടാലും മതി; അത് സ്വീകാര്യമാണ് എന്ന് വ്യക്തം.

മസ്ജിദുൽ ക്വുബാഇൽ സ്വഹാബിമാർ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ക്വിബ്ലയായി കഅ്ബയെ അല്ലാഹു നിശ്ചയിച്ച വിവരം ഒരു ദൂതൻ വന്ന് അറിയിക്കുന്നത്. ശാമിന്റെ ഭാഗത്തേക്ക് തിരിഞ്ഞു നമസ്കരിച്ചിരുന്ന അവർ ഉടനെ കഅ്ബയുടെ ഭാഗത്തേക്ക് തിരിഞ്ഞു. ഒരു ദൂതന്റെ വാക്ക് കേട്ടാണ് അവർ അപ്രകാരം ചെയ്തത്. മദ്യനിരോധന വൃത്താന്തവുമായി ഒരു വ്യക്തി വന്നപ്പോൾ അത് കേട്ട് മദ്യം പാടെ വർജിക്കാൻ തീരുമാനിക്കുകയും ശേഷം മദ്യവീപ്പ അടിച്ചുതകർക്കുകയും ചെയ്ത സ്വഹാബിമാർ ഒരാളുടെ വാക്കു കേട്ടാണ് ഇപ്രകാരം ചെയ്തത്.

ഹിജ്റ ഒമ്പതാം വർഷം വിവിധ രാജ്യങ്ങളിൽനിന്നെത്തിയ ഹാജിമാർക്ക് ഹജ്ജ് കർമത്തിന് നേതൃത്വം വഹിക്കാൻ അബൂബക്റി(റ)നെ മാത്രമാണ് നബി(സ്വ) നിയോഗിച്ചത്. അദ്ദേഹം പറയുന്നതനുസരിച്ചാണ് അവർ ഹജ്ജ് നിർവഹിച്ചത്. ആ ഒറ്റ സാക്ഷ്യത്തിൽ അവർ തൃപ്തിപ്പെട്ടിരുന്നു. നോമ്പുകാരനായിരിക്കെ, ഭാര്യയെ ചുംബിച്ച ഒരു സ്വഹാബി അതിന്റെ മതവിധി അറിയാൻ ഭാര്യയെ പ്രവാചക പത്നിയായ ഉമ്മുസലമ(റ)യുടെ അടുത്തേക്കയച്ചു. തിരുമേനി(സ്വ)യും അങ്ങനെ

> ആഹാദായ ഹദീസനുസരിച്ച് നമസ്കരിക്കാമെങ്കിൽ, ആഹാദായ ഹദീസുകളിൽ പറയുന്ന വിശ്വാസങ്ങൾ സ്വീകരിക്കുകയും ചെയ്യാം. അതിൽ പിഴവില്ലെന്ന് മാത്രമല്ല, വിശ്വസിക്കൽ നിർബന്ധവുമാണ്. കാരണം, അല്ലാഹുവിന്റെ ദൂതൻ(സ്വ) സ്വന്തം ഇഷ്ടപ്രകാരം മതവിഷയം സംസാരിക്കുകയില്ല. സ്വഹാബികൾ നബി(സ്വ)യുടെ പേരിൽ ഇല്ലാവചനം ഉണ്ടാക്കുകയും ചെയ്യില്ല. താബിഉകൾ അത് പിന്തുടരുകയും ചെയ്യില്ല. ഇമാമുകൾ അത് ഗ്രന്ഥങ്ങളിൽ എഴുതി വെച്ച് പ്രചരിപ്പിക്കുകയും ചെയ്യില്ല.



ചെയ്യാറുണ്ടെന്നായിരുന്നു മറുപടി. ആ സ്വഹാബിയുടെ ഭാര്യ മാത്രമാണ് ഈ മതവിധി കേട്ടത്. അവരുടെ ഭർത്താവിനോട് അത് അവർ അറിയിക്കുകയും ചെയ്തു.

രാജാക്കന്മാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ നബി (സ്വ) നിയോഗിച്ചതും ഒരു ദൂതനെയായിരുന്നു. ഭർത്താവിന്റെ നഷ്ടപരിഹാരത്തിൽ ഭാര്യക്ക് അവകാശമില്ലെന്ന് ഉമർ(റ) വിധിച്ചു. ദഹ്ഹാക്ബ്നു സുഫ്‌യാൻ ഇതിനെതിരെ ഒരു ഹദീസ് ഉദ്ധരിച്ചു. അത് സ്വീകരിച്ച് ഉമർ(റ) തന്റെ അഭിപ്രായം ഒഴിവാക്കി. അവസാനത്തെ ത്വവാഫ് കൂടാതെ ഋതുമതിക്ക് ഹജ്ജിൽ നിന്ന് വിരമിക്കാമെന്ന ഇബ്നു അബ്ബാസി(റ)ന്റെ ഫത്‌വയെ സൈദുബ്നു സാബിത്(റ) ചോദ്യം ചെയ്തു. ഒരു അൻസ്വാരി വനിതയുടെ വാക്ക് പ്രകാരം സൈദുബ്നു സാബിത്(റ) ആ അഭിപ്രായം തിരുത്തി.

രക്തമൂല്യത്തിന്റെ അവകാശികൾ പിതാവ് വഴിയുള്ള ബന്ധുക്കളാണ് എന്നായിരുന്ന ഉമർ(റ)വിന്റെ അഭിപ്രായം. നബി(സ്വ)യുടെ കാലത്ത് അബദ്ധത്തിൽ കൊല്ലപ്പെട്ട അശ്‌യം ദ്വിബാബിയുടെ നഷ്ടപരിഹാരത്തിൽനിന്ന് അദ്ദേഹത്തിന്റെ ഭാര്യക്ക് അവകാശം നൽകാൻ തിരുമേനി(സ്വ) തനിക്കെഴുതിയതായി ദ്വഹ്ഹാകുബ്നു സുഫ്‌യാൻ പറഞ്ഞപ്പോൾ ഉമർ(റ) തന്റെ അഭിപ്രായം മാറ്റിവച്ച് ആ ഹദീസ് സ്വീകരിച്ചു.

ഗർഭസ്ഥശിശുവിന്റെ കാര്യത്തിൽ നബി(സ്വ)യിൽ നിന്ന് വല്ലവരും വല്ലതു അറിഞ്ഞിട്ടുണ്ടോ എന്ന് ഉമർ(റ) ഒരിക്കൽ അന്വേഷിച്ചു. ഹംലുബ്നു മാലിക്ബ്നു നാബിഗ എഴുന്നേറ്റു നിന്ന് പറഞ്ഞു: 'എനിക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരിലൊരാൾ മറ്റൊരാളെ പത്തിരിക്കുഴൽ കൊണ്ട് അടിച്ചു. അടികൊണ്ട് അവൾ ചാപ്പിള്ളയെ പ്രസവിച്ചു. ഈ വിഷയത്തിൽ നഷ്ടപരിഹാരമായി ഒരു അടിമയെ മോചിപ്പിക്കാൻ നബി(സ്വ) കൽപിച്ചു.' ഒരാളുടെ വാക്ക് തെളിവാക്കി ഉമർ(റ) അതനുസരിച്ച് വിധിച്ചു.

അബൂദാവൂദ്, തിർമുദി, ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ എന്നിവരെല്ലാം ഉദ്ധരിച്ച, ഇദ്ദയുമായി ബന്ധപ്പെട്ട ഒരു ഹദീസുണ്ട്: ഫരീഅ ബിൻതു മാലികി(റ)ന്റെ ഭർത്താവ് മരണപ്പെട്ടു. അവർക്ക് സ്വന്തമായി വീടുണ്ടായിരുന്നില്ല. ചെലവിന് കൊടുക്കാനും മറ്റാരുമുണ്ടായിരുന്നില്ല. അവർ സ്വന്തം വീട്ടിലേക്ക് പോകാൻ നബി(സ്വ)യുടെ അടുക്കൽ അനുവാദം ചോദിച്ചു. ആദ്യം അദ്ദേഹം അനുവദിച്ചു. അങ്ങനെ അവർ തിരിച്ച് പോയി. പിന്നെ നബി(സ്വ) അവരെ മടക്കി വിളിച്ചു. 'നീ ആ വീട്ടിൽ തന്നെ ഇദ്ദയാചരിക്കുക. ശേഷം വീട്ടിലേക്ക് പോയിക്കൊള്ളുക' എന്ന് കൽപിച്ചു. അവർ അതുപ്രകാരം ചെയ്തു. ഉസ്മാൻ(റ)വിന്റെ ഭരണകാലത്ത് ഇതേ പ്രശ്നത്തിന് അദ്ദേഹം ഫരീഅ(റ)യുടെ വാക്ക് പ്രകാരമാണ് വിധി കണ്ടെത്തിയത്. അറിവിന്റെ നിറകുടമായ ഉസ്മാൻ(റ) ഒരു സ്ത്രീയുടെ വാക്കനുസരിച്ച് പ്രവർത്തിച്ചത് ഇത്തരുണത്തിൽ ചിന്തനീയമാണ്.

ഇമാം ശാഫിഈ(റ) തന്റെ അർരിസാലയിൽ 1001-ാം നമ്പറിൽ ആഹാദായ ഹദീസ് സ്വീകാര്യ

മാകാനുള്ള മാനദണ്ഡം പറയുന്നുണ്ട്. നിവേദനം ചെയ്യുന്നയാൾ മതവിഷയങ്ങളിൽ വിശ്വസ്തനും ഹദീസിൽ അറിയപ്പെട്ടവനും താനുദ്ധരിക്കുന്നതിനെക്കുറിച്ച് ബോധമുള്ളവനും താനുദ്ധരിച്ചതിന്റെ ആശയങ്ങൾ ഗ്രഹിക്കാൻ കഴിയുന്നവനും കേട്ടത് അക്ഷരംപടി പറയാൻ കഴിവുള്ളവനും ഹൃദിസ്ഥമാക്കിയത് ഓർമയിൽനിന്ന് ഉദ്ധരിക്കാൻ കഴിവുള്ളവനും ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിക്കുന്നുവെങ്കിൽ ആ ഗ്രന്ഥത്തെ സുരക്ഷിതമായി സൂക്ഷിക്കുന്നവനും തദ്‌ലീസ് ചെയ്യാത്തവനുമായിരിക്കണം എന്നൊക്കെയാണ് അദ്ദേഹം മുന്നോട്ട് വെച്ച മാനദണ്ഡം. ആഹാദായ ഹദീസ് സ്വീകരിക്കുന്നതിൽ കർക്കശമായ പല നിബന്ധനകളും പറഞ്ഞുവെച്ചിട്ടുണ്ടെങ്കിലും ഇമാം അബൂഹനീഫ(റ)യും അത് സ്വീകരിച്ചിട്ടുണ്ട്. ഒരുപാട് വ്യക്തികൾ കാണാൻ സാധ്യതയുള്ള ഒരു സംഭവം ഒരാളിൽനിന്ന് മാത്രം ഉദ്ധരിക്കപ്പെടുമ്പോൾ സ്വാഭാവികമായുമുണ്ടാകുന്ന ചില സംശയങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. ക്വുർആനിന്റെ ബാഹ്യാർഥങ്ങൾക്കു വിരുദ്ധമല്ലാത്ത ഖബറുൽ വാഹിദ് ഇമാം മാലികും(റഹി) സ്വീകരിച്ചിരുന്നു. പ്രത്യേകിച്ച് നിബന്ധനകളൊന്നും കൂടാതെയാണ് ഇമാം അഹ്മദ്(റ) ഖബർ വാഹിദ് സ്വീകരിച്ചിരുന്നത്.

### വിശ്വാസകാര്യങ്ങളും ആഹാദായ ഹദീസും

ഇസ്‌ലാം കേവലമൊരു പ്രത്യയശാസ്ത്രമല്ല. മനുഷ്യന്റെ ഇഹലോക ഗുണത്തിനു വേണ്ടി മാത്രം നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ മുന്നോട്ടു വെക്കുന്ന ദർശനങ്ങളാണ് പ്രത്യയശാസ്ത്രങ്ങൾ. മനുഷ്യന്റെ മരണം വരെയുള്ള കാര്യങ്ങൾ മാത്രമാണ് അതിലെ വിഷയം. അതിനപ്പുറമുള്ള ഒരു ചിന്ത അതിലില്ല. ഇത്തരം പ്രസ്ഥാനങ്ങളെല്ലാം തിരിച്ചറിയാതെപോയ വലിയൊരു യാഥാർഥ്യമുണ്ട്; ഇക്കാണുന്ന ലോകത്തെക്കാൾ അതിവിശാലമായ മറ്റൊരു ലോകം. ഈ ലോകം വിട്ടാൽ ലഭിക്കുന്ന ലോകം. എല്ലാ സുഖസൗകര്യങ്ങളുമുള്ള, എന്താഗ്രഹിച്ചാലും ലഭിക്കുന്ന, എപ്പോഴും ആനന്ദം നൽകുന്ന, സുന്ദരമായ സ്വർഗലോകം, നിത്യസമാധാനഗേഹം. അതുപോലെ, നിത്യദുഃഖവും വേദനയും നൽകുന്ന നരകലോകവും. ഗർഭാശയത്തിൽനിന്ന് മനുഷ്യൻ ഇഹലോകത്ത് എത്തിയപോലെ, ഇഹലോകത്തിന് ശേഷം അടുത്ത ലോകത്തും എത്തും. അവിടേക്കുള്ള യാത്രയിലാണ് ഓരോ മനുഷ്യനും.

ഇത്തരം അഭൗതിക യാഥാർഥ്യങ്ങളെ മുൻനിറുത്തി, പരലോകത്തിലെ സൗഖ്യവും ദുഃഖവുമെല്ലാം ഓർമപ്പെടുത്തി, അവിടെ രക്ഷ നേടാനുള്ള കാര്യങ്ങൾ വിശദീകരിക്കുകയാണ് മതം ചെയ്യുന്നത്. അതിനായി ഇഹലോക ജീവിതം എങ്ങനെ ചിട്ടപ്പെടുത്തണമെന്ന് മതം പഠിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ഇസ്‌ലാം വെളിച്ചം വീശുന്നു.

ബഹുദൈവാരാധന, പലിശ, വ്യഭിചാരം, ലഹരിയുപയോഗം, പരദൂഷണം, മാതാപിതാക്കളെ ദ്രോഹിക്കൽ...തുടങ്ങി സർവ തിന്മകളും വെടിയാൻ മതം കൽപിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്ക് ലഭിക്കാനിരിക്കുന്ന മഹത്തായ പ്രതിഫലത്തെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നു. അവയിൽ ഏർപ്പെട്ടാലുള്ള ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നു.

അന്ത്യനാളിനു ശേഷമാണ് പരലോക ജീവിതം. എന്നാൽ മരണത്തോടെ ക്വബ്ർ ജീവിതം ആരംഭിക്കുന്നു. ക്വബ്‌റിൽ രക്ഷാശിക്ഷകളുണ്ട്, പരലോകത്ത് നന്മതിന്മകൾ അളക്കുന്ന നീതിയുടെ തുലാസുണ്ട്, വിചാരണയുണ്ട്, കർമരേഖകൾ നൽകലുണ്ട്, സ്വിറാത്ത് പാലമുണ്ട്. ഇതെല്ലാം വിശ്വാസകാര്യങ്ങളാണ്. ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന കാര്യങ്ങളാണ്. ഇത്തരം വിശ്വാസപരമായ കാര്യങ്ങൾ വിശദീകരിക്കുന്ന ഹദീസുകൾ ആഹാദായി വന്നാൽ അഥവാ ഒരാളിൽനിന്ന് മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അത് സ്വീകാര്യമല്ലെന്നും ധാരാളം നിവേദകരിലൂടെ വന്നാലേ അവയിൽ വിശ്വസിക്കേണ്ടതുള്ളൂ എന്നും വാദിക്കുന്ന ചിലരുണ്ട്. അതായത് ആഹാദായ ഹദീസുകളൊന്നും ഇത്തരം വിശ്വാസങ്ങൾക്ക് പര്യാപ്തമല്ല, അതിന് മുതവാതിറുകൾതന്നെ വേണമെന്ന് അവർ ശഠിക്കുന്നു.

ഇത്തരം ഇരട്ടത്താപ്പ് നയം ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ആഹാദായ ഹദീസനുസരിച്ച് നമസ്കരിക്കാമെങ്കിൽ, ആഹാദായ ഹദീസുകളിൽ പറയുന്ന വിശ്വാസങ്ങൾ സ്വീകരിക്കുകയും ചെയ്യാം. അതിൽ പിഴവില്ലെന്ന് മാത്രമല്ല, വിശ്വസിക്കൽ നിർബന്ധവുമാണ്. കാരണം, അല്ലാഹുവിന്റെ ദൂതൻ(സ്വ) സ്വന്തം ഇഷ്ടപ്രകാരം മതവിഷയം സംസാരിക്കുകയില്ല. സ്വഹാബികൾ നബി(സ്വ)യുടെ പേരിൽ ഇല്ലാവചനം ഉണ്ടാക്കുകയും ചെയ്യില്ല. താബികൾ അത് പിന്തുടരുകയും ചെയ്യില്ല. ഇമാമുകൾ അത് ഗ്രന്ഥങ്ങളിൽ എഴുതി വെച്ച് പ്രചരിപ്പിക്കുകയും ചെയ്യില്ല.

# ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ




ആഗോളതലത്തിൽതന്നെ ജനാധിപത്യപരമായ സ്ഥാപനങ്ങളും മൂല്യങ്ങളും വലിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന കാലഘട്ടമാണിത്. തിരഞ്ഞെടുപ്പുകൾ, പൗരാവകാശങ്ങൾ, നിയമവാഴ്ച, ഭരണഘടനാപരമായ നിയന്ത്രണങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുന്ന ജനാധിപത്യ സംവിധാനങ്ങൾ വിവിധ രാജ്യങ്ങളിൽ ക്ഷയിച്ചുകൊണ്ടിരിക്കുന്നതായി ആഗോള നിരീക്ഷണ ഏജൻസികൾ സൂചിപ്പിക്കുന്നു.

2024ൽ മാത്രം ഏകദേശം 60 രാജ്യങ്ങൾ രാഷ്ട്രീയ അവകാശങ്ങളിലും പൗരാവകാശങ്ങളിലും ശ്രദ്ധേയമായ തകർച്ച നേരിട്ടതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. സ്വേച്ഛാധിപത്യവൽക്കരണം (Autocratization) ഇപ്പോഴും ലോകത്ത് പ്രബലമായ പ്രവണതയായി തുടരുന്നു എന്ന് വെറൈറ്റീസ് ഓഫ് ഡെമോക്രസി (V-Dem) പോലുള്ള സംഘടനകൾ വ്യക്തമാക്കുന്നു. ലോകജനസംഖ്യയുടെ വലിയൊരു ഭാഗം സ്വേച്ഛാധിപത്യ ഭരണത്തിൻ കീഴി

> പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന് വില കൽപ്പിക്കുന്നു എന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന സൗന്ദര്യത്തിന് മങ്ങലേൽപ്പിക്കുന്ന വാർത്തകളാണ് ജനാധിപത്യരാഷ്ട്രങ്ങളിൽ നിന്ന് വന്നുകൊണ്ടിരിക്കുന്നത്. ദിശാബോധത്തോടെ ജനങ്ങളെ നയിച്ച നേതാക്കന്മാരുടെ അഭാവം തന്നെയാണ് ഏതൊരു ദർശനത്തിന്റെയും പരാജയം.

ലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 10 വർഷത്തിനിടെ, സ്വേച്ഛാധിപത്യ ഭരണത്തിൻ കീഴിൽ ജീവിക്കുന്ന ലോകജനസംഖ്യയുടെ ശതമാനം 49ൽ നിന്ന് 70 ആയി വർധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ സൈനിക അട്ടിമറിയായിരുന്നു ജനാധിപത്യത്തിന്റെ പ്രധാന ഭീഷണിയെങ്കിൽ, 21ാം നൂറ്റാണ്ടിലെ ഭീഷണിയുടെ സ്വഭാവം മാറിയിരിക്കുന്നു. ഇന്ന്, ജനാധിപത്യത്തിന്റെ തകർച്ചയ്ക്ക് ഏറ്റവും വലിയ കാരണക്കാർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണാധികാരികൾ തന്നെയാണെന്നത് ശ്രദ്ധേയമാണ്. അധികാരത്തിൽ കയറിക്കൂടിയാൽ പിന്നെ അതിൽതന്നെ തുടരാനുള്ള ത്വര സ്വേഛാധിപത്യത്തിലേക്ക് നയിക്കുന്നു.

### സ്വേഛാധിപത്യത്തിന്റെ കടന്നുവരവ്

ജനാധിപത്യത്തിന്റെ തകർച്ച പെട്ടെന്നുള്ള സൈനിക ഇടപെടലുകളിലൂടെയോ മറ്റോ അല്ല ഇന്ന് സംഭവിക്കുന്നത്. സ്വേച്ഛാധിപത്യ താൽപര്യമുള്ള, അധികാരമോഹം തലയ്ക്കു പിടിച്ച നേതാക്കൾ പടിപടിയായി ജനാധിപത്യ സ്ഥാപനങ്ങളെ ദുഷിപ്പിക്കാനും തകർക്കാനും ശ്രമിക്കുന്ന ഒരു ആന്തരിക പ്രക്രിയയാണ് ഇപ്പോൾ നടക്കുന്നത്. ഈ നേതാക്കൾ നിയമപരമായി തിരഞ്ഞെടുക്കപ്പെട്ട ശേഷം, ഭരണഘടനാപരമായ നിയന്ത്രണങ്ങളെയും ജുഡീഷ്യൽ മേൽനോട്ടത്തെയും മറ്റു സ്വയംഭരണ നിയന്ത്രണ ഏജൻസികളെയും ദുർബലപ്പെടുത്താൻ തുടങ്ങുന്നു. നിയമത്തിന്റെ പുറംചട്ടയണിഞ്ഞുള്ളതാകയാൽ ഈ ക്രമാനുഗതമായ ക്ഷയം തിരിച്ചറിയാനും അതിനെ പ്രതിരോധിക്കാനും ജനങ്ങൾക്ക് കഴിയാതെ പോകുന്നു.

സമകാലീന ജനാധിപത്യത്തിന്റെ തകർച്ചയെ നയിക്കുന്നത് പരസ്പരം ബന്ധിതമായ മൂന്ന് പ്രധാന ഘടകങ്ങളാണ്: 1) പോപ്പുലിസവും ധ്രുവീകരണവും. 2) വിവരസാങ്കേതികവിദ്യയുടെ ആയുധവൽക്കരണം. 3) സാമ്പത്തിക അസമത്വത്തിൽ നിന്ന് ഉടലെടുക്കുന്ന പ്രഭുത്വഭരണ പ്രവണത.

### പോപ്പുലിസവും സാമൂഹിക ധ്രുവീകരണവും

അഴിമതിക്കാരായ ഭരണാധികാരികൾ തങ്ങളെ വഞ്ചിക്കുന്നതിൽ അസംതൃപ്തരായ സാധാരണ പൗരന്മാരെ തെറ്റുധരിപ്പിച്ച് ഞങ്ങൾ നിങ്ങളുടെ കൂടെത്തന്നെയാണ്, നിങ്ങൾക്കു വേണ്ടിയാണ് ഭരിക്കുന്നത് എന്നു വരുത്തിത്തീർക്കുന്നതാണ് പോപ്പുലിസത്തിന്റെ ആകെത്തുക. പോപ്പുലിസ്റ്റ് നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സാമൂഹിക ധ്രുവീകരണത്തെ ഒരു തന്ത്രമായി ഉപയോഗിക്കുന്നു. വർധിച്ചുവരുന്ന സാമൂഹിക ധ്രുവീകരണം (Societal Polarization) നിലവിലെ ലോകത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട 10 ആശങ്കകളിൽ ഒന്നായി ലോക ഇക്കണോമിക് ഫോറം റിപ്പോർട്ട് ചെയ്യുന്നു. ഇത് അടുത്ത ദശകത്തിലെ ഒരു പ്രധാന ദീർഘകാല ഭീഷണികൂടിയാണെന്നും റിപ്പോർട്ടിൽ പറയുന്നു

### വിവര സാങ്കേതികവിദ്യയുടെ ആയുധവൽക്കരണം

ഡിജിറ്റൽ യുഗത്തിൽ, വിവരസാങ്കേതികവിദ്യ ജനാധിപത്യത്തിന് പുതിയ വെല്ലുവിളികൾ സൃഷ്ടിക്കുന്നുണ്ട്. തെറ്റുധാരണകളും വ്യാജവിവരങ്ങളും വ്യാപിപ്പിക്കുന്നത് രാഷ്ട്രീയ

മായ യോജിപ്പിനും സാമൂഹിക ഐക്യത്തിനും വെല്ലുവിളിയായി മാറുന്നു.

സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾക്ക് പ്രസ്ഥാനങ്ങളെയും പൗരന്മാരെയും ശാക്തീകരിക്കാനുള്ള ജനാധിപത്യവൽക്കരണ സാധ്യതയുണ്ടെങ്കിലും, ഇതിന് വലിയ ദോഷങ്ങളുമുണ്ട്. ഇത് വ്യാജ വിവരങ്ങളുടെ വ്യാപനത്തിന് കാരണമാവുകയും അതിലൂടെ സമൂഹത്തിൽ ധ്രുവീകരണത്തിന് വഴിവയ്ക്കുകയും ചെയ്യുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വൈകാരികമായി പ്രകോപിപ്പിക്കുന്ന ഉള്ളടക്കങ്ങളിലൂടെ വികാരങ്ങളെ ആളിക്കത്തിക്കുകയും അതോടൊപ്പം യഥാർഥ വിവരങ്ങളുടെ വിതരണത്തെ നിയന്ത്രിക്കുകയും ചെയ്യുന്നു.

AIയുടെ വളർച്ച Deepfakes പോലുള്ള കൃത്രിമ മാധ്യമങ്ങളുടെ വ്യാപനത്തിന് വഴിയൊരുക്കി. തിരഞ്ഞെടുപ്പിന് മുന്നോടിയായി രാഷ്ട്രീയ നേതാക്കളുടെ ശബ്ദങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇവ ഉപയോഗിക്കപ്പെടുന്നു. വ്യാജമായ ചിത്രങ്ങളും ഓഡിയോകളും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെതെന്ന പേരിൽ പ്രചരിപ്പിച്ച് വോട്ടർമാരെ കബളിപ്പിക്കാൻ ഈ സാങ്കേതിക വിദ്യയെ ഉപയോഗപ്പെടുത്തുന്നു.

ഇന്റർനെറ്റ് ജനാധിപത്യപരമായ പ്രതിരോധശേഷി വർധിപ്പിക്കുമെന്ന പൊതുധാരണ ചോദ്യം ചെയ്യപ്പെടുകയാണ്. ഭരണപക്ഷ നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ അധികാരം വർധിപ്പിക്കാൻ സോഷ്യൽ മീഡിയയെ ഒരു ശക്തമായ വേദിയായി ഉപയോഗിക്കുന്നു. തങ്ങളുടെ ജനാധിപത്യ വിരുദ്ധ നടപടികളെ പിന്തുണയ്ക്കാൻ പൗരന്മാരെ സന്നദ്ധരാക്കുന്നു. ഇത് ജനാധിപത്യത്തിന്റെ അപചയത്തെ വേഗത്തിലാക്കുന്നു.

ഇന്റർനെറ്റ് ജനാധിപത്യപരമായ പ്രതിരോധശേഷി വർധിപ്പിക്കുമെന്ന പൊതുധാരണ ചോദ്യം ചെയ്യപ്പെടുകയാണ്. ഭരണപക്ഷ നേതാക്കൾ തങ്ങളുടെ രാഷ്ട്രീയ അധികാരം വർധിപ്പിക്കാൻ സോഷ്യൽ മീഡിയയെ ഒരു ശക്തമായ വേദിയായി ഉപയോഗിക്കുന്നു. തങ്ങളുടെ ജനാധിപത്യ വിരുദ്ധ നടപടികളെ പിന്തുണയ്ക്കാൻ പൗരന്മാരെ സന്നദ്ധരാക്കുന്നു. ഇത് ജനാധിപത്യത്തിന്റെ അപചയത്തെ വേഗത്തിലാക്കുന്നു.

### സാമ്പത്തിക അസമത്വവും മുതലാളിത്തത്തിന്റെ വളർച്ചയും

ജനാധിപത്യ തകർച്ചയ്ക്ക് സാമ്പത്തിക അസമത്വം ഒരു പ്രധാന ഘടകമാണ്. ക്രോസ്-നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനം അനുസരിച്ച്, ഒരു ജനാധിപത്യ രാജ്യത്തിൽ സാമ്പത്തിക അസമത്വം വർധിക്കുമ്പോൾ, അത് അധികാരക്കൊതിയന്മാരും സ്ഥാപനങ്ങളെ തകർക്കുന്നവരുമായ നേതാക്കളെ തിരഞ്ഞെടുക്കാനുള്ള സാധ്യത വർധിപ്പിക്കുന്നു.

അതിസമ്പന്നരിൽ രാജ്യത്തെ സമ്പത്ത് കുമിഞ്ഞു കൂടുമ്പോൾ അധികാരവും അവരിൽ കേന്ദ്രീകരിക്കുന്നു. സർക്കാരിന്റെയും മാധ്യമങ്ങളുടെയും സമ്പദ്‌വ്യവസ്ഥയുടെയും മേൽ തങ്ങളുടെ നിയന്ത്രണം ശക്തമാക്കാൻ അവർ തങ്ങളുടെ സമ്പത്ത് ഉപയോഗിക്കുന്നു. ഫലത്തിൽ ഭരണകൂടം ഈ അതിസമ്പന്നരുടെ ആശ്രിതന്മാരും ആജ്ഞാനുവർത്തികളുമായി മാറുന്നു. അദാനി-അംബാനിമാർക്കു വേണ്ടി ഇന്ത്യൻ ഭരണകൂടം ചെയ്തുകൊടുക്കുന്നത് എന്തൊക്കെയെന്ന് ശ്രദ്ധിച്ചാൽ ഇക്കാര്യം ബോധ്യമാകും.

സാമ്പത്തിക അസമത്വവും കോർപ്പറേറ്റ് സ്വാധീനവും തമ്മിൽ നേരിട്ട് ബന്ധമുണ്ട്. അംബാനിയുടെയും അദാനിയുടെയും നേതൃത്വത്തിലുള്ള വലിയ ബിസിനസ് സ്ഥാപനങ്ങൾ ഇന്ത്യയുടെ മൊത്തം മൂലധനച്ചെലവിന്റെ ഏകദേശം 25% വഹിക്കുന്നു. ഈ അതിസമ്പത്തിന്റെ കേന്ദ്രീകരണം വരുമാനത്തിന്റെയും സമ്പത്തിന്റെയും അസമത്വം വർധിപ്പിക്കുന്നു. ഇത് ജനാധിപത്യത്തിന്റെ നിയമനിർമാണ പ്രക്രിയകളിൽ അതിസമ്പന്ന ന്യൂനപക്ഷത്തിന്റെ സ്വാധീനം വർധിപ്പിക്കുന്നു.

അതിസമ്പന്നർക്ക് ജനാധിപത്യപരമായ സാമ്പത്തിക നയങ്ങളോടുള്ള എതിർപ്പ് ശ്രദ്ധേയമാണ്. വലിയ നികുതിഭാരം മറ്റുള്ളവരിലേക്ക് മാറ്റാനും നികുതിനിയമ നിർമാതാക്കളെ സ്വാധീനിക്കാനും

അവർ നിരന്തരം ശ്രമിക്കുന്നു. ഇത് ജനാധിപത്യസം വിധാനത്തിന്റെ അടിസ്ഥാനപരമായ സാമ്പത്തിക ലക്ഷ്യങ്ങളെ തകർക്കുന്നു.

ജനാധിപത്യവൽക്കരണം ഒരു രാജ്യത്തിന്റെ ജിഡിപി (പ്രതിശീർഷ വരുമാനം) 25 വർഷത്തിനുള്ളിൽ 20% മുതൽ 25% വരെ വർധിപ്പിക്കാൻ സഹായിക്കുമെന്ന് പഠനങ്ങൾ പറയുന്നു. ജനാധിപത്യം നിക്ഷേപം വർധിപ്പിച്ചും സാമ്പത്തിക പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിച്ചും വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും മെച്ചപ്പെടുത്തിയും സാമൂഹിക പ്രക്ഷോഭങ്ങൾ കുറച്ചും വളർച്ചയെ ഉത്തേജിപ്പിക്കുന്നു. അതിനാൽ, ജനാധിപത്യത്തിന്റെ തകർച്ച സാമ്പത്തികമായും ദോഷകരമാണ്. ഈ അപകടസാധ്യതകൾ ബിസിനസ്സ് സമൂഹം തിരിച്ചറിയുകയും ജനാധിപത്യസ്ഥാപനങ്ങളെ സംരക്ഷിക്കാൻ അവർ സംഘടിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

**തിരഞ്ഞെടുപ്പ് സ്വേച്ഛാധിപത്യം**

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ സമീപകാല രാഷ്ട്രീയ പരിണാമം ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യ അപചയത്തിന്റെ ഒരു പ്രധാന ഉദാഹരണമാണ്. വെറൈറ്റീസ് ഓഫ് ഡെമോക്രസി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യയുടെ ഭരണവ്യവസ്ഥയിൽ 'ശ്രദ്ധേയവും നിലവിലുള്ളതുമായ' സ്വേച്ഛാധിപത്യവൽക്കരണം നടന്നതായും ഇന്ത്യ 2019ഓടെ 'സ്ഥിരീകരിച്ച തിരഞ്ഞെടുപ്പ് സ്വേച്ഛാധിപത്യ'ത്തിലേക്ക് മാറിയിരിക്കുന്നതായും പറയുന്നു.

2025ലെ V-Dem റിപ്പോർട്ട് അനുസരിച്ച്, ലിബറൽ ഡെമോക്രസി ഇൻഡക്സിൽ ഇന്ത്യ 179 രാജ്യങ്ങളിൽ 100ാം സ്ഥാനത്താണ്. ഇത് ജനാധിപത്യത്തിന്റെ ലിബറൽ ഗുണനിലവാരം ക്ഷയിച്ചതിനെ സ്ഥിരീകരിക്കുന്നു. ജനാധിപത്യത്തിന്റെ തകർച്ചയുടെ പ്രധാന മാനദണ്ഡങ്ങളിൽ ഒന്നായി ഇവർ ചൂണ്ടിക്കാണിക്കുന്നത് മാധ്യമ സ്വാതന്ത്ര്യം സെൻസർ ചെയ്യാനുള്ള സർക്കാർ ശ്രമങ്ങളാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മാധ്യമ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്നതിൽ 'ഏറ്റവും മോശം കുറ്റവാളി'കളിൽ ഒന്നായി ഇന്ത്യ കണക്കാക്കപ്പെടുന്നു. കൂടാതെ, തിരഞ്ഞെടുപ്പ് മാനേജ്മെന്റ് ബോഡിയുടെ സ്വയംഭരണത്തിലേക്കുള്ള കടന്നുകയറ്റവും ജനാധിപത്യ തകർച്ചയുടെ ഒരു പ്രധാന ലക്ഷണമായി റിപ്പോർട്ട് വിലയിരുത്തുന്നു.

തിരഞ്ഞെടുപ്പ് സ്വേച്ഛാധിപത്യം എന്ന അവസ്ഥയുടെ കാതൽ, തിരഞ്ഞെടുപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ പൗരാവകാശങ്ങളും സ്ഥാപനപരമായ നിയന്ത്രണങ്ങളും ഇല്ലാതാക്കുന്നു എന്നതാണ്. ഇത് ജനാധിപത്യത്തിന്റെ അന്തസ്സത്തയെ നിയമപരമായ രീതിയിൽ നശിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ പ്രത്യക്ഷ അടയാളമാണ്.

**ഫെഡറലിസത്തിന്റെ തകർച്ച**

ബർട്ടെൽസ്മാൻ ട്രാൻസ്ഫോർമേഷൻ ഇൻഡക്സ് (BTI) റിപ്പോർട്ട് (2024) അനുസരിച്ച്, ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാർ ജനാധിപത്യ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുകയും രാജ്യത്തെ ഒരു ഹിന്ദു-ഭൂരിപക്ഷ രാഷ്ട്രമായി മാറ്റാനുള്ള ലക്ഷ്യം പിന്തുടരുകയും ചെയ്യുന്നു. ഈ അജണ്ടയിൽ മതന്യൂനപക്ഷങ്ങളെ ലക്ഷ്യമിട്ടുള്ള നിയമനിർമാണങ്ങൾ ഉൾ



പ്പെടുന്നു.

ഭരണപരമായ കാര്യങ്ങൾ കൂടുതൽ കേന്ദ്രീകൃതവും വ്യക്തിഗതവുമായ തീരുമാനമെടുക്കൽ സംവിധാനത്തിലേക്ക് മാറുന്ന പ്രവണത ദൃശ്യമാണ്. പ്രധാനമന്ത്രിയുടെ ഓഫീസ് മുഖേനയുള്ള ഈ കേന്ദ്രീകരണം വിദേശകാര്യ മന്ത്രാലയം പോലുള്ള പ്രധാന സ്ഥാപനങ്ങളെ തീരുമാനമെടുക്കലിൽ നിന്ന് അകറ്റി നിർത്താൻ കാരണമായി. 2021ലെ കോവിഡ്-19 മഹാമാരിയുടെ സമയത്ത് നിലവിലുള്ള ഉപദേശക സമിതികളുടെ ശുപാർശകൾ പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതും ഈ കേന്ദ്രീകൃത ഭരണരീതി യുടെ ഉദാഹരണമാണ്.

പ്രധാനമന്ത്രി 'സഹകരണ ഫെഡറലിസം,' 'മത്സരാധിഷ്ഠിത ഫെഡറലിസം' എന്നൊക്കെ ഉരുവിടാറുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാരങ്ങളെ വെട്ടിക്കുറക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. 'ഒരു രാജ്യം, ഒരു രജിസ്ട്രേഷൻ' പോലുള്ള ലക്ഷ്യങ്ങൾ നടപ്പിലാക്കാനുള്ള ശ്രമം സംസ്ഥാന സർക്കാരുകൾക്ക് മേലുള്ള കേന്ദ്രത്തിന്റെ കൈകടത്തലിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ന്യൂനപക്ഷാവകാശങ്ങളെ പരമ്പരാഗതമായി സംരക്ഷിച്ചിരുന്ന സുപ്രീം കോടതി, സമീപകാലത്ത് സർക്കാരിന്റെ താൽപര്യങ്ങൾക്ക് പലപ്പോഴും വഴങ്ങിയതായി കാണാനാകും. പൗരത്വ ഭേദഗതി നിയമത്തിനെതിരായ നൂറുകണക്കിന് ഹർജികളുടെ വാദം കേൾക്കുന്നത് വൈകിപ്പിച്ചത് ഇതിന് ഉദാഹരണമാണ്.

**വർഗീയതയുടെ വ്യാപനം**

ഭരണകക്ഷിയായ ബിജെപിയും സംഘ്പരിവാർ സംഘടനകളും തീവ്രഹിന്ദു ദേശീയവാദികളാണെ ന്നത് രാജ്യത്തിന്റെ സാമൂഹിക സൗഹാർദത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഹിന്ദു ദേശീയ ഗ്രൂപ്പുകളുടെ ആധിപത്യം വർധിക്കുന്നത് രാഷ്ട്രീയ-മതപര ധ്രുവീകരണം വളർത്തുകയും ജനാധിപത്യത്തിന് വെല്ലുവിളിയുയർത്തുകയും ചെയ്യുന്നു. യുപി മുഖ്യമന്ത്രി യോഗിയുടെ കടുത്ത മുസ്‌ലിം-ദളിത് വിരോധവും പ്രധാനമന്ത്രിയുടെയും മറ്റും ഇസ്‌ലാമോഫോബിയ വളർത്തുന്ന നിലപാടുകളും സംഘ്പരിവാരങ്ങൾക്ക് അക്രമത്തിന്റെ പാതയിൽ നീങ്ങാൻ നൽകുന്ന ഊർജം ചെറുതൊന്നുമല്ല.

തീവ്ര ഹിന്ദുത്വവാദികളുടെ മുസ്‌ലിംകളോടുള്ള പ്രത്യയശാസ്ത്രപരമായ വിദ്വേഷം ഇപ്പോൾ സാമൂഹിക തലത്തിൽ മാത്രമല്ല, നിയമനിർമാണ തലത്തിലും നടപ്പിലാക്കാൻ കഴിയുന്നു എന്നത് രാജ്യം നേരിടുന്ന വൻ ഭീഷണിയാണ്. ഇതിന്റെ വ്യക്തമായ ഉദാഹരണമാണ് പൗരത്വ ഭേദഗതി നിയമം (CAA). ഈ നിയമം മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വത്തിൽ വിവേചനം കാണിക്കുന്നു. മുസ്‌ലിം ന്യൂനപക്ഷത്തെ 'രണ്ടാം തരം പൗരൻമാരായി' മാറ്റാനുള്ള ആർഎസ്എസ്സിന്റെ ലക്ഷ്യം നിയമപരമായി നേടിയെടുക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പായി ഇത് വിലയിരുത്തപ്പെടുന്നു. ബി.ജെ.പി അധികാരത്തിൽ വന്ന 2014ന് ശേഷം ഉന്നത രാഷ്ട്രീയ നേതാക്കളുടെ വിദ്വേഷ പ്രസംഗത്തിന്റെ തോത് ആറ് മടങ്ങ് വർധിച്ചതായി പഠനങ്ങൾ പറയുന്നു. ഇതും താഴെത്തട്ടിലുള്ള സംഘ്പരിവാർ പ്രവർത്തകർക്ക് അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രചോദനമായിത്തീരുന്നു. മുസ്‌ലിം-ദളിത് വിഭാഗങ്ങളെ വോട്ടു ചെയ്യാൻ സമ്മതിക്കാതെ ആട്ടിയോടിച്ച എത്രയോ സംഭവങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാന

ഭരണകക്ഷിയായ ബിജെപിയും സംഘ്പരിവാർ സംഘടനകളും തീവ്രഹിന്ദു ദേശീയവാദികളാണെന്നത് രാജ്യത്തിന്റെ സാമൂഹിക സൗഹാർദത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഹിന്ദു ദേശീയ ഗ്രൂപ്പുകളുടെ ആധിപത്യം വർധിക്കുന്നത് രാഷ്ട്രീയ-മതപര ധ്രുവീകരണം വളർത്തുകയും ജനാധിപത്യത്തിന് വെല്ലുവിളിയുയർത്തുകയും ചെയ്യുന്നു. യുപി മുഖ്യമന്ത്രി യോഗിയുടെ കടുത്ത മുസ്‌ലിം-ദളിത് വിരോധവും പ്രധാനമന്ത്രിയുടെയും മറ്റും ഇസ്‌ലാമോഫോബിയ വളർത്തുന്ന നിലപാടുകളും സംഘ്പരിവാരങ്ങൾക്ക് അക്രമത്തിന്റെ പാതയിൽ നീങ്ങാൻ നൽകുന്ന ഊർജം ചെറുതൊന്നുമല്ല.

> ഭരണാധികാരികൾ സർവ മേഖലകളിലെയും നിയന്ത്രണം കൈയിലാക്കി അധികാരം തങ്ങളിൽ മാത്രം നിക്ഷിപ്തമാക്കിയും സാമൂഹിക ധ്രുവീകരണം വർധിപ്പിച്ചും വിവരസാങ്കേതിക വിദ്യയെ ആയുധമാക്കിയും സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നത് നിയമത്തിന്റെ മേലങ്കി അണിഞ്ഞുകൊണ്ടാണെന്നത് വളരെ ഗുരുതരമായ കാര്യമാണ്. ജനാധിപത്യത്തെ സംരക്ഷിക്കുക എന്നത് തങ്ങളുടെ കൂടി ആവശ്യമാണെന്നും അതിൽ തങ്ങളുടെതായ പങ്ക് വഹിക്കൽ അനിവാര്യമാണെന്നും പൗരസമൂഹം തിരിച്ചറിയണം



ങ്ങളിൽ ഉണ്ടായിട്ടുണ്ട്. ചില വിഭാഗം മനുഷ്യരെ വോട്ടു ചെയ്യാൻ സമ്മതിക്കാതിരുന്നാൽ പിന്നെ എന്ത് ജനാധിപത്യം? ബീഹാറിൽ കഴിഞ്ഞ ഒന്നാംഘട്ട വോട്ടെടുപ്പിൽ വോട്ടേഴ്സ് ലിസ്റ്റിൽ പേരുണ്ടായിട്ടും വോട്ടു ചെയ്യാൻ കഴിയാതെ ഒട്ടേറെ വോട്ടർമാർ മടങ്ങിപ്പോയതായുള്ള വാർത്ത നാം കേട്ടതാണ്.

**വോട്ട് ചോരി!**

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പഴുതടച്ച അന്വേഷണങ്ങളിലൂടെ പുറത്തുകൊണ്ടുവന്നത് ഇപ്പോൾ രാജ്യം ഭരിക്കുന്നവരുടെ ഞെട്ടിക്കുന്ന വോട്ട് മോഷണത്തിന്റെ കഥകളാണ്. ജനാധിപത്യത്തെ തുരങ്കംവയ്ക്കുന്ന ഇതുപോലൊരു ആസൂത്രിത പ്രവർത്തനത്തിന് ഇതിനു മുമ്പ് രാജ്യത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടില്ല. വോട്ടിംഗ് മെഷീനിൽ കൃത്രിമം കാണിച്ചും വോട്ടുകൾ വെട്ടിമാറ്റിയും വ്യാജവോട്ടുകൾ ചേർത്തുമൊക്കെ ചിലർ അധികാരത്തിലെത്തുമ്പോൾ ജനാധിപത്യം ജലരേഖയായി മാറുകയാണ്.

**വിയോജിപ്പുകളെ അടിച്ചമർത്തുന്നു!**

രാജ്യത്ത് വിയോജിപ്പുകളെ ക്രിമിനൽ കുറ്റമാക്കുന്ന ഒരു അന്തരീക്ഷം നിലനിൽക്കുന്നു. വിദ്യാർഥികൾ ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രവർത്തകരെ പ്രതിരോധ തടങ്കൽ നിയമങ്ങൾ ഉപയോഗിച്ച് തടഞ്ഞുവയ്ക്കുന്നു. സിവിൽ സൊസൈറ്റി മേഖലയിലെ നിയന്ത്രണങ്ങൾ ജനാധിപത്യപരമായ പ്രതിരോധശേഷിക്ക് വലിയ വെല്ലുവിളിയാണ്. വിദേശ സർക്കാരിതര സ്ഥാപനങ്ങളുടെ (Foreign NGOs) പ്രവർത്തനം നിരോധിക്കപ്പെട്ടു. വിദേശ ഫണ്ടിംഗ് വിഷയത്തിൽ കടുപ്പമേറിയ നിയമങ്ങൾ കൊണ്ടുവന്നു. ഈ പ്രതികൂല സാഹചര്യം കാരണം ആംനെസ്റ്റി ഇന്റർനാഷണൽ പോലുള്ള സ്ഥാപനങ്ങൾക്ക് 2020ൽ ഇന്ത്യയിലെ പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു.

**പരിഹാരമെന്ത്?**

മതനിരപേക്ഷതയും ജനാധിപത്യവും രാജ്യത്ത് നിലനിൽക്കണമെങ്കിൽ പ്രതിപക്ഷ പാർട്ടികൾ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മറന്ന് ഒന്നിച്ചു നിൽക്കുകയും തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറുകയും ചെയ്യേണ്ടതുണ്ട്. രാജ്യം നാശത്തിന്റെ പടുകുഴിയിലേക്ക് വീഴും മുമ്പ് വ്യക്തിപരമായ താൽപര്യങ്ങളെക്കാൾ രാജ്യതാൽപര്യങ്ങൾക്ക് മുൻഗണന നൽകുകയും ന്യൂനപക്ഷ-ദളിത് വിഭാഗങ്ങൾ അടക്കമുള്ള എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിപ്പിച്ചു നിറുത്തുകയും വേണം.

ഭരണാധികാരികൾ സർവ മേഖലകളിലെയും നിയന്ത്രണം കൈയിലാക്കി അധികാരം തങ്ങളിൽ മാത്രം നിക്ഷിപ്തമാക്കിയും സാമൂഹിക ധ്രുവീകരണം വർധിപ്പിച്ചും വിവരസാങ്കേതികവിദ്യയെ ആയുധമാക്കിയും സ്വേച്ഛാധിപത്യം സ്ഥാപിക്കുന്നത് നിയമത്തിന്റെ മേലങ്കി അണിഞ്ഞുകൊണ്ടാണെന്നത് വളരെ ഗുരുതരമായ കാര്യമാണ്.

ജനാധിപത്യത്തെ സംരക്ഷിക്കുക എന്നത് തങ്ങളുടെ കൂടി ആവശ്യമാണെന്നും അതിൽ തങ്ങളുടെതായ പങ്ക് വഹിക്കൽ അനിവാര്യമാണെന്നും പൗരസമൂഹം തിരിച്ചറിയണം. അതിനായി അവരെ ബോധവത്കരിക്കാൻ പ്രതിപക്ഷ പാർട്ടികൾ തീവ്രശ്രമം നടത്തുകയും വേണം. ■

ശമീർ മദീനി
: 9048 221 212

പിശാചിന്റെ ചതിക്കുഴികൾ 14

# സൃഷ്ടിപൂജ നടത്തുന്നവർ

ജീവൻ നൽകിയ, ആവശ്യമായ വായുവും വെള്ളവും അടക്കമുള്ള എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നിരന്തരമായി നൽകിക്കൊണ്ടിരിക്കുന്ന കാരുണ്യവാനായ സ്രഷ്ടാവിനെ വിട്ടുകൊണ്ട് പല ദുർന്യായങ്ങൾ തോന്നിപ്പിച്ചും വ്യാമോഹങ്ങൾ നൽകിയും സൃഷ്ടിപൂജ നടത്തുന്നതിലേക്ക് മനുഷ്യരെ നയിക്കുന്നു എന്നതാണ് പിശാച് ചെയ്യുന്ന ഏറ്റവും വലിയ അക്രമം. തീയും ചൂടും ലോകത്തിന് അനിവാര്യമായ ഒന്നാണെന്നും അതില്ലെങ്കിൽ ലോകത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകുമെന്നും ബോധനം നൽകിയ പിശാച് ആ ചിന്തയിൽനിന്ന് തീയിനെയും സൂര്യനെയുമൊക്കെ ആരാധിക്കുന്ന അവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിച്ചു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിക്കുന്ന ജനവിഭാഗങ്ങൾ അങ്ങനെ മനുഷ്യകുലത്തിൽ ഉണ്ടായി.

> തീയും ചൂടും ലോകത്തിന് അനിവാര്യമായ ഒന്നാണെന്നും അതില്ലെങ്കിൽ ലോകത്തിന്റെ നിലനിൽപ്പുതന്നെ അവതാളത്തിലാകുമെന്നും ബോധനം നൽകിയ പിശാച് ആ ചിന്തയിൽ നിന്ന് തീയിനെയും സൂര്യനെയുമൊക്കെ ആരാധിക്കുന്ന അവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിച്ചു. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും ആരാധിക്കുന്ന ജനവിഭാഗങ്ങൾ അങ്ങനെ മനുഷ്യകുലത്തിൽ ഉണ്ടായി.

ഇബ്റാഹീം നബി(അ)യുടെ ജനത അത്തരം ആരാധന നടത്തിയിരുന്നതായി വിശുദ്ധ ക്വുർആനിന്റെ പ്രസ്താവനകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അല്ലാഹു പറയുന്നു:

“അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ‘ഇതാ, എന്റെ രക്ഷിതാവ്!’ എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ‘അസ്തമിച്ച് പോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല.’ അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഇതാ എന്റെ രക്ഷിതാവ്!’ എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ‘എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും.’ അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ‘ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!’ അങ്ങനെ അതും അസ്തമിച്ചു പോയപ്പോൾ അദ്ദേഹം പറഞ്ഞു: ‘എന്റെ സമുദായമേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽനിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേ അല്ല”(6:76-79).

തീയിനെയും സൂര്യചന്ദ്രനക്ഷത്രാദികളെയുമെന്നല്ല, മലക്കുകളെയും ആരാധിക്കുന്നവർ മനുഷ്യരുടെ കൂട്ടത്തിൽ ഉണ്ടായി. മലക്കുകൾ

അല്ലാഹുവിന്റെ പെൺമക്കളാണ് എന്ന് അവർ ജൽപിക്കുകയും ചെയ്തു. ക്വുർആൻ പറയുന്നു: "പരമകാരുണികന്റെ ദാസൻമാരായ മലക്കുകളെ അവർ പെണ്ണുങ്ങളാക്കിയിരിക്കുന്നു. അവരെ (മലക്കുകളെ) സൃഷ്ടിച്ചതിന് അവർ സാക്ഷ്യം വഹിച്ചിരുന്നോ? അവരുടെ സാക്ഷ്യം രേഖപ്പെടു ത്തുന്നതും അവർ ചോദ്യം ചെയ്യപ്പെടുന്നതുമാണ്. 'പരമകാരുണികൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല' എന്ന് അവർ പറയുകയും ചെയ്യും. അവർക്ക് അതിനെ പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിച്ച് പറയുക മാത്രമാകുന്നു" (43:19,20).

കുതിര, പശു തുടങ്ങിയ പലതരം മൃഗങ്ങളെയും പിശാചിനെയും വരെ ചിലർ ആരാധിച്ചു. അല്ലാഹു പറയുന്നു: "അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി; അവരല്ല. എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്..." (34:41).

"ആദം സന്തതികളേ, ഞാൻ നിങ്ങളോട് അനുശാസിച്ചിട്ടില്ലേ; നിങ്ങൾ പിശാചിനെ ആരാധിക്കരുത് (എന്ന്)? തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷശത്രുവാകുന്നു"(36:60).

മൂസാ നബി(അ)യുടെ ജനതയിൽപ്പെട്ട സാമിരി പശുക്കുട്ടിയെ ഉണ്ടാക്കുകയും ആളുകൾ അതിനെ ആരാധിക്കുകയും ചെയ്ത കാര്യം ക്വുർആൻ പറയുന്നുണ്ട്: "എന്നിട്ട് അവർക്ക് അവൻ (ആലോഹംകൊണ്ട്) ഒരു മുക്രയിടുന്ന കാളക്കുട്ടിയുടെ രൂപം ഉണ്ടാക്കികൊടുത്തു. അപ്പോൾ അവർ (അന്യോന്യം) പറഞ്ഞു: നിങ്ങളുടെ ദൈവവും മൂസായുടെ ദൈവവും ഇതുതന്നെയാണ്. എന്നാൽ അദ്ദേഹം മറന്നുപോയിരിക്കുകയാണ്"(20:88).

"അവർ പറഞ്ഞു: മൂസാ ഞങ്ങളുടെ അടുത്തേക്ക് മടങ്ങിവരുവോളം ഞങ്ങൾ ഇതിനുള്ള ആരാധനയിൽ നിരതരായിത്തന്നെ ഇരിക്കുന്നതാണ്"(20:91). അതിന്റെ നിരർഥകത സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് ഇപ്രകാരമാണ്: "മൂസായുടെ ജനത അദ്ദേഹം പോയതിനുശേഷം അവരുടെ ആഭരണങ്ങൾ കൊണ്ടുണ്ടാക്കിയ മുക്രയിടുന്ന ഒരു കാളക്കുട്ടിയുടെ സ്വരൂപത്തെ ദൈവമായി സ്വീകരിച്ചു. അതവരോട് സംസാരിക്കുകയില്ലെന്നും അവർക്ക് വഴി കാണിക്കുകയില്ലെന്നും അവർ കണ്ടില്ലേ? അതിനെ അവർ (ദൈവമായി) സ്വീകരിക്കുകയും അതോടെ അവർ അക്രമികളാവുകയും ചെയ്തിരിക്കുന്നു"(7:148).

ഇങ്ങനെ മനുഷ്യരെക്കൊണ്ട് സൃഷ്ടിപൂജ നടത്തിക്കുവാൻ പിശാച് കണ്ടെത്തിയ കുതന്ത്രങ്ങളും വഴികേടുകളും വിവരിച്ച ശേഷം ഇബ്നുൽ ജൗസി(റഹി) പറയുന്നു: "ഈ ആളുകളുടെ കൂട്ടത്തിലൊന്നും തന്നെ തങ്ങളുടെ ചിന്തയെ പ്രവർത്തനക്ഷമമാക്കിയവർ ഉണ്ടായില്ല. എന്തു ചെയ്യണം, കാര്യങ്ങൾ എങ്ങനെ നിയന്ത്രിക്കണം എന്ന വിഷയത്തിൽ ബുദ്ധി ഉപയോഗിച്ചവരും അവരിൽ ഉണ്ടായില്ല. (ഹാ, കഷ്ടം!) ഇരുലോകത്തും അല്ലാഹു നമ്മെ കാത്തു രക്ഷിക്കുമാറാകട്ടെ" (തൽബീസു ഇബ്ലീസ്, പേജ് 75).

ബുദ്ധിയും ചിന്തയും വിനിയോഗിക്കാതെയും കാഴ്ചയും കേൾവിയും ഉപയോഗപ്പെടുത്താതെയും ജീവിച്ച ഇത്തരം വിഡ്ഢികളെ ക്വുർആൻ ആക്ഷേപിക്കുന്നത് കാണുക: "ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിനുവേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്; അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്; അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്; അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർതന്നെയാണ് ശ്രദ്ധയില്ലാത്ത വർ"(7:179).

ഇത്രയെല്ലാം വിവരക്കേടും അബദ്ധങ്ങളും മനുഷ്യനെക്കൊണ്ട് ചെയ്യിക്കാൻ പിശാച് ഒരുക്കിയ കെണിയാണ് അന്ധമായ അനുകരണം. തെളിവും ന്യായവും അന്വേഷിക്കാതെ മറ്റുള്ളവർ ചെയ്യുന്നത് അനുകരിക്കുന്ന ഒരു തരം ബുദ്ധിശൂന്യമായ നിലപാട്. അതാണ് പലതരം വിഡ്ഢിത്തങ്ങളിലേക്ക് മനുഷ്യരെ എത്തിച്ചതും എത്തിക്കുന്നതും.

അല്ലാഹു പറയുന്നു: "അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ; അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻ പറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻ പറ്റുകയാണോ?)" (2:170).

(5:104, 10:78, 31:21 എന്നീ ആയത്തുകളിലും ഇക്കാര്യം പറയുന്നുണ്ട്). അല്ലാഹു നമ്മെയെല്ലാം കാത്തു രക്ഷിക്കുമാറാകട്ടെ. ■

പരിഭാഷ:
ഇ.യൂസുഫ് സാഹിബ് നദുവി, ഓച്ചിറ




# ഇസ്‌ലാമിനു വേണ്ടി ഒരിറ്റു കണ്ണുനീർ

## മുസ്ത്വഫ ലുത്വുഫി അൽമൻഫലൂത്വി

**ആമുഖം**

പ്രമുഖ ഈജിപ്ഷ്യൻ സാഹിത്യകാരനായ മുസ്ത്വഫ ലുത്വുഫി അൽമൻഫലൂത്വിയുടെ മനോഹരമായ ഈ ലേഖനം പ്രമുഖന്മാരായ നിരവധി പണ്ഡിതന്മാർ അവരുടെ രചനകളിൽ അതേപടി ഉദ്ധരിക്കുകയും പരാമർശിക്കുകയും ചെയ്തിട്ടുണ്ട്. സൗദിഅറേബ്യയിലെ മതകാര്യ മന്ത്രാലയം ഈ ലേഖനത്തെ പ്രത്യേകം കാറ്റലോഗായി അച്ചടിച്ച് ഇസ്‌ലാമിക പ്രചാരണാർഥം പൊതുജനങ്ങൾക്കു വിതരണം ചെയ്യുന്നുമുണ്ട്. ഇന്ത്യയും ഈജിപ്തും ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന ക്വബ്ർ പൂജക്കെതിരിൽ മൻഫലൂത്വിയുടെ ലളിതമാനോഹ ഭാഷയിലും ശൈലിയിലുമുള്ള വാക്കുകൾ മഹത്തായ രോഷത്തിൽനിന്നും ഉടലെടുത്തതാണ്. ഭൂമുഖത്ത് ആവർത്തിച്ചുകൊണ്ടിരിക്കുന്ന കൈപേറിയ ഒരു യാഥാർഥ്യത്തെക്കുറിച്ചുള്ള വിവരണവും അതിലുണ്ട്. അല്ലാഹുവിന്റെ ഏറ്റവും മഹത്തായ അവകാശത്തിനുവേണ്ടിയുള്ളതാണ് ‘അന്നദ്വറാത്’ എന്ന ഗ്രന്ഥത്തിലെ മൻഫലൂത്വിയുടെ ആ രോഷമെന്നു പണ്ഡിതന്മാരെല്ലാം വിലയിരുത്തിയിട്ടുമുണ്ട്.

മുസ്‌ലിംകൾ എന്തുകൊണ്ടാണ് ക്രിസ്ത്യാനികളോട് ത്രിത്വത്തെക്കുറിച്ച് നീരസം കാണിക്കുന്നത്? എന്തുകൊണ്ടാണ് ത്രിത്വത്തെക്കുറിച്ച് അവരോട് മനസ്സിൽ അത്രയും വെറുപ്പും വിദ്വേഷവും വെച്ച് പുലർത്തുന്നത്? അവർ അല്ലാഹുവിനോടുള്ള ശിർക്കിൽ മുസ്‌ലിംകൾ എത്തിച്ചേർന്ന അത്രയും എത്തിച്ചേർന്നിട്ടില്ല, അവരതിൽ അത്രയധികം മുങ്ങിയിട്ടുമില്ല. ക്രിസ്ത്യാനികൾ മൂന്ന് ദൈവങ്ങളെയാണ് ആരാധിക്കുന്നത്. പക്ഷേ, ഈ ബഹുത്വവും യുക്തിക്ക് നിരക്കാത്തതാണെന്ന് അവർക്ക് തോന്നുന്നതിനാൽ അവർ അതിനെ ഭംഗിയാക്കി പറയുന്നു; മൂന്നാണെങ്കിലും അത് ഒന്നാണെന്ന്. എന്നാൽ മുസ്‌ലിംകളോ, ആയിരക്കണക്കിന് ദൈവങ്ങളെ ആരാധിക്കുന്നു. അതിൽ മിക്കതും മരത്തടികളും മരിച്ചവരുടെ ജഡങ്ങളും കല്ലുകളും ആണെന്ന് അവർ അറിയുന്നില്ല!

'ദുഃഖകരമായ ഈ കാഴ്ചയ്ക്ക് മുന്നിൽ, ഒരു തുള്ളി കണ്ണീരെങ്കിലും തന്റെ കൺതടങ്ങളിൽനിന്ന് ഒഴുക്കിക്കളയാതിരിക്കാൻ ഏതു കണ്ണിനാണ് സാധിക്കുക? മുസ്‌ലിം സമൂഹത്തിന്റെ കാഴ്ചയാണിത്! ഖബ്‌റിന്റെ പടിവാതിൽക്കൽ റുകൂഉം സുജൂദുമായി അവർ കാത്തുനിൽക്കുന്നു. ഒരുപക്ഷേ, ആ ഖബ്‌റിൽ കിടക്കുന്ന വ്യക്തിയെക്കാൾ ഉത്തമനായവൻ ആ പ്രണാമം അർപ്പിക്കുന്നവരുടെ കൂട്ടത്തിൽ ജീവിച്ചിരിപ്പുണ്ടാവാം, മരണാനന്തരവും അങ്ങനെയുണ്ടാവുക എന്നത് എത്രയോ വലിയ സത്യമാണ്.

ഏകദൈവ വിശ്വാസത്തിന്റെ അനുയായികളായ മുസ്‌ലിംകൾ, ബഹുദൈവവിശ്വാസികളെക്കാൾ അല്ലാഹുവിൽ പങ്കുചേർക്കുന്നവരും ദൈവങ്ങളുടെ എണ്ണത്തിലും ആരാധനാമൂർത്തികളുടെ ബാഹുല്യത്തിലും അവരെക്കാൾ വിശാലമായ വൃത്തമുള്ളവരുമായി കാണപ്പെടുമ്പോൾ, ഒരു നിമിഷമെങ്കിലും തന്റെ നെഞ്ചിൻകൂട്ടിൽ അടങ്ങിയിരിക്കാൻ ഏത് ഹൃദയത്തിനാണ് സാധിക്കുക? വേദന കൊണ്ട് അത് പറന്നുപോകാതിരിക്കുമോ?

എന്തിനാണ് മുസ്‌ലിംകൾ ക്രിസ്ത്യാനികളുടെ ത്രിയേകത്വത്തെ കുറ്റപ്പെടുത്തുന്നതെന്ന അദ്ദേഹത്തിന്റെ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. അവർ മൂന്ന് ദൈവങ്ങളിൽ വിശ്വസിക്കുന്നു. എന്നാൽ ഈ ബഹുത്വത്തിന്റെ വിചിത്രതയും യുക്തിഹീനതയും അവർക്ക് ബോധ്യമുണ്ട്. അതിനാൽ അവരതിന് വ്യാഖ്യാനങ്ങൾ ചമയ്ക്കുകയും ആ മൂന്നും ഒന്നാണെന്ന് പറയുകയും ചെയ്യുന്നു. എന്നാൽ മുസ്‌ലിംകളാകട്ടെ ആയിരക്കണക്കിന് നേർച്ചക്കാരിൽ വിശ്വസിക്കുന്നു. അവയിൽ മിക്കതും മരക്കുറ്റികളും അജ്ഞാത മൃതശരീരങ്ങളും പാറക്കെട്ടുകളുമാണ്. എന്നാൽ മുസ്‌ലിം സമൂഹമാകട്ടെ തങ്ങൾ ചെയ്യുന്നതിനെക്കുറിച്ച് ബോധവാന്മാരുമല്ല.

**മൻഫലൂത്വിയുടെ വാക്കുകൾ ഇപ്രകാരം വായിക്കാം:**

"ഇന്ത്യക്കാരനായ ഒരു പണ്ഡിതൻ എനിക്കൊരു കത്തെഴുതി. അതിൽ അദ്ദേഹം പറഞ്ഞിരുന്നത്, മദ്രാസിന്റെ തെക്ക് ഭാഗത്തുമുള്ള നാഗൂരിൽ താമസിക്കുന്ന, ഇന്ത്യക്കാർ സംസാരിക്കുന്ന തമിഴ് ഭാഷയിൽ, പുതുതായി ഇറങ്ങിയ ഒരു പുസ്തകം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടുവെന്നാണ്. സയ്യിദ് അബ്ദുൽ ഖാദിർ ജീലാനിയുടെ ജീവിത ചരിത്രവും അദ്ദേഹത്തിന്റെ മഹത്ത്വങ്ങളും കറാമത്തുകളും പ്രതിപാദിക്കുന്നതായിരുന്നു ആ ഗ്രന്ഥം.

അതിൽ സയ്യിദ് അബ്ദുൽ ഖാദിറിനെ വിശേഷിപ്പിക്കാനും അഭിസംബോധന ചെയ്യാനും ഉപയോഗിച്ചിട്ടുള്ള ചില പദവികളും സ്ഥാനപ്പേരുകളും അല്ലാഹുവിന്റെ സ്ഥാനത്തിന് കൂടുതൽ യോജിച്ചതാണെന്നും പ്രവാചകത്വത്തിനോ ഔലിയാ പദവിക്കോ പോലും ചേരുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു. ഉദാഹരണത്തിന്, 'ആകാശഭൂമികളുടെ നേതാവ്,' 'ഉപകാരിയും ഉപദ്രവകാരിയും,' 'പ്രപഞ്ചത്തെ നിയന്ത്രിക്കുന്നവൻ,' 'സൃഷ്ടികളുടെ രഹസ്യങ്ങൾ അറിയുന്നവൻ,' 'മരിച്ചവരെ ജീവിപ്പിക്കുന്നവൻ,' 'കുഷ്ഠരോഗികളെയും അന്ധരെയും കാഴ്ചയില്ലാത്തവരെയും സുഖപ്പെടുത്തുന്നവൻ,' 'അദ്ദേഹത്തിന്റെ കൽപന അല്ലാഹുവിന്റെ കൽപ്പനയാണ്,' 'പാപങ്ങൾ മായ്ക്കുന്നവൻ,' 'വിപത്തുകളെ തടയുന്നവൻ,' 'ഉയർത്തുന്നവനും താഴ്ത്തുന്നവനും,' 'ശരീഅത്തിന്റെ ഉടമ,' 'സമ്പൂർണമായ അസ്തിത്വത്തിന്റെ ഉടമ' എന്നിങ്ങനെയുള്ള നിരവധി വിശേഷണങ്ങൾ അതിലുണ്ടായിരുന്നു.

ആ ഗ്രന്ഥത്തിൽ, സയ്യിദ് അബ്ദുൽ ഖാദർ ജീലാനിയുടെ ഖബ്‌റിടം സന്ദർശിക്കേണ്ട രീതി വിവരിക്കുന്ന ഒരു അധ്യായമുണ്ടെന്നും ആ എഴുത്തുകാരൻ പറഞ്ഞു. അതിൽ പറയു

ന്നതനുസരിച്ച്, സന്ദർശകൻ ആദ്യം നല്ല രീതിയിൽ വുദൂഅ് ചെയ്യണം, പിന്നീട് ഭക്തിയോടെ രണ്ട് റക്അത്ത് നമസ്കരിക്കണം, ശേഷം ആ മഹത്തായ കഅ്ബക്ക് സമാനമായ ഖബ്റിടത്തിന് നേരെ തിരിയണം. ആ ഖബ്റിന്റെ ഉടമക്ക് സലാം പറഞ്ഞ ശേഷം ഇങ്ങനെ പറയണം:

'ഓ! രണ്ട് ലോകങ്ങളുടെയും നേതാവേ, എന്നെ സഹായിക്കണേ. എന്റെ ആവശ്യങ്ങൾ നിറവേറ്റാനും ദുരിതങ്ങൾ നീക്കാനും എന്നെ പിന്തുണക്കണേ, എന്നെ സഹായിക്കണേ. ഓ! മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ, എന്നെ സഹായിക്കണേ. ഓ! വലിയ്യ് അബ്ദുൽ ഖാദിർ, എന്നെ സഹായിക്കണേ. ഓ! സുൽത്താൻ അബ്ദുൽ ഖാദിർ, എന്നെ സഹായിക്കണേ. ഓ! ബാദ്ഷാ അബ്ദുൽ ഖാദിർ, എന്നെ സഹായിക്കണേ. ഓ! ഖോജ അബ്ദുൽ ഖാദിർ, ഓ! നിത്യനായ രക്ഷകന്റെ സാന്നിധ്യമേ, ഓ! എന്റെ നേതാവേ, അബ്ദുൽ ഖാദിർ ജീലാനീ, ഞാൻ അങ്ങയുടെ ദാസനും മുരീദും ദുർബലനും ദുരിതമനുഭവിക്കുന്നവനും അങ്ങയെ ദീനിലും ദുൻയാവിലും ആഖിറത്തിലും എല്ലാ കാര്യങ്ങളിലും ആശ്രയിക്കുന്നവനുമാകുന്നു.'

കൂടാതെ, ഇന്ത്യയിലെ നാഗൂർ പട്ടണത്തിൽ 'ശാഹുൽ ഹമീദ്' എന്ന് പേരുള്ള ഒരു ഖബ്റിടമുണ്ടെന്നും അദ്ദേഹം സയ്യിദ് അബ്ദുൽ ഖാദിറിന്റെ മക്കളിലൊരാളാണെന്ന് അവർ വിശ്വസിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യക്കാർ ആ ഖബ്റിന് മുന്നിൽ അല്ലാഹുവിന് ചെയ്യുന്നതുപോലെ സുജൂദ് ചെയ്യുകയാണെന്നും, ഇന്ത്യയിലെ എല്ലാ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സയ്യിദ് അബ്ദുൽ ഖാദിറിന്റെ ഖബ്റിനെ പ്രതിനിധീകരിക്കുന്ന ആരാധനാലയങ്ങൾ ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അവിടങ്ങളിലെ മുസ്‌ലിംകൾ തിരിയുന്ന ഖിബ്‌ലയും അവരുടെ ആവശ്യങ്ങളിലും ദുരിതങ്ങളിലും അഭയം തേടുന്ന സ്ഥലവും അതാണ്. അതിന്റെ നടത്തിപ്പുകാർക്കും പരിപാലകർക്കും അതിന്റെ ആഘോഷങ്ങൾക്കും മറ്റുമായി അവർ ചെലവഴിക്കുന്ന പണം ലോകത്തിലെ മുഴുവൻ ദരിദ്രർക്കും വീതിച്ചു നൽകിയിരുന്നെങ്കിൽ അവരെല്ലാം ധനികരായി മാറുമായിരുന്നു!

ഇതായിരുന്നു ആ എഴുത്തുകാരൻ എനിക്കയച്ച കത്ത്. ആ കത്ത് ഞാൻ വായിച്ചുതീർന്നപ്പോൾ, ദുഃഖവും സങ്കടവും കാരണം ലോകം എന്റെ കണ്ണുകൾ ഇരുണ്ടുപോയെന്ന് അല്ലാഹുവിന് അറിയാം. ഇസ്‌ലാമിന്റെ അവസ്ഥ ഇങ്ങനെയായി മാറിയതിലുള്ള ദുഃഖത്താൽ എനിക്ക് ചുറ്റുമുള്ളതൊന്നും കാണാൻ കഴിഞ്ഞില്ല. ഇസ്‌ലാമിനെ അറിഞ്ഞതിന് ശേഷം അവരതിനെ നിഷേധിച്ചു. ഉയർത്തിയതിന് ശേഷം താഴ്ത്തി. അതിനെ പുതിയ വഴികളിലേക്ക് കൊണ്ടുപോയി. അത് ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല.

മരിച്ച ഒരാളുടെ ഖബ്റിന് മുന്നിൽ റുകൂഉം സുജൂദും ചെയ്യുന്ന ആ മുസ്‌ലിംകളുടെ ഈ അവസ്ഥ കാണുമ്പോൾ, ഒരു തുള്ളി കണ്ണുനീർ പോലും പൊഴിക്കാതെ ഒരു കണ്ണും എങ്ങനെ അവശേഷിക്കും? ഒരുപക്ഷേ ആ മരിച്ച വ്യക്തിയെക്കാൾ ജീവിതത്തിൽ മഹാനായ ഒരാൾ ആ കൂട്ടത്തിലുണ്ടായിരിക്കും, അദ്ദേഹത്തിന്റെ മരണശേഷം അങ്ങനെയായിരിക്കാൻ കൂടുതൽ സാധ്യതയുണ്ട്!

ഏകദൈവവിശ്വാസികളായ മുസ്‌ലിംകൾ ബഹുദൈവവിശ്വാസികളിൽ വെച്ച് ഏറ്റവും കൂടുതൽ ബഹുദൈവത്വം വെച്ചുപുലർത്തുന്നവരും, ദേവന്മാരുടെയും ആരാധനാമൂർത്തികളുടെയും എണ്ണത്തിൽ ഏറ്റവും വലിയ വൃത്തം സൃഷ്ടിക്കുന്നവരും ആയിരിക്കുന്നത് കാണുമ്പോൾ, ഏത് ഹൃദയമാണ് മിടിക്കാതെയും ദുഃഖം കൊണ്ട് പിടക്കാതെയും ഒരു നിമിഷം പോലും അതിന്റെ ഉടമസ്ഥന്റെ നെഞ്ചിൽ അടങ്ങിയിരിക്കുക?

മുസ്‌ലിംകൾ എന്തുകൊണ്ടാണ് ക്രിസ്ത്യാനികളോട് ത്രിത്വത്തെക്കുറിച്ച് നീരസം കാണിക്കുന്നത്? എന്തുകൊണ്ടാണ് ത്രിത്വത്തെക്കുറിച്ച് അവരോട് മനസ്സിൽ അത്രയും വെറുപ്പും വിദ്വേഷവും വെച്ച് പുലർത്തുന്നത്? എന്തിനാണ് അവരുമായി സംവാദ-സമരങ്ങളിൽ ഏർപ്പെടുന്നത്? അവർ അല്ലാഹുവിനോടുള്ള ശിർക്കിൽ മുസ്‌ലിംകൾ എത്തിച്ചേർന്ന അത്രയും എത്തിച്ചേർന്നിട്ടില്ല, അവരതിൽ അത്രയധികം മുങ്ങിയിട്ടുമില്ല.

ക്രിസ്ത്യാനികൾ മൂന്ന് ദൈവങ്ങളെയാണ് ആരാധിക്കുന്നത്. പക്ഷേ, ഈ ബഹുത്വവും യുക്തിക്ക് നിരക്കാത്തതാണെന്ന് അവർക്ക് തോന്നുന്നതിനാൽ അവർ അതിനെ ഭംഗിയാക്കി പറയുന്നു; മൂന്നാണെങ്കിലും അത് ഒന്നാണെന്ന്. എന്നാൽ മുസ്‌ലിംകളോ, ആയിരക്കണക്കിന് ദൈവങ്ങളെ ആരാധിക്കുന്നു. അതിൽ മിക്കതും മരത്തടികളും മരിച്ചവരുടെ ജഡങ്ങളും കല്ലുകളും ആണെന്ന് അവർ അറിയുന്നില്ല!

*(തുടരും)*

# സൂറത്തു ഖസ്വസ്വ്

**കഥാകഥനം**

(മക്കയിൽ അവതരിച്ചത്)

അധ്യായം 28

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

36. അങ്ങനെ നമ്മുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് മൂസാ അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ‘ഇത് വ്യാജനിർമിതമായ ഒരു ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല. നമ്മുടെ പൂർവ പിതാക്കളിൽ ഇങ്ങനെ ഒരു കാര്യത്തെപ്പറ്റി നാം കേട്ടിട്ടുമില്ല.’

37. മൂസാ പറഞ്ഞു: ‘തന്റെ പക്കൽനിന്ന് സൻമാർഗവും കൊണ്ട് വന്നിട്ടുള്ളവനാരെന്നും ഈ ലോകത്തിന്റെ പര്യവസാനം ആർക്ക് അനുകൂലമായിരിക്കുമെന്നും എന്റെ രക്ഷിതാവിന് നല്ലപോലെ അറിയാം. അക്രമികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.’

38. ഫിർഔൻ പറഞ്ഞു: ‘പ്രമുഖൻമാരേ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല. അതുകൊണ്ട് ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണുകൊണ്ട് (ഇഷ്ടിക) ചുട്ടെടുക്കുക. എന്നിട്ട് എനിക്ക് നീ ഒരു ഉന്നത സൗധം ഉണ്ടാക്കിത്തരിക. മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ വിചാരിക്കുന്നത്.’

39. അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അന്യായമായി അഹങ്കരിക്കുകയും നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയില്ലെന്ന് അവർ വിചാരിക്കുകയും ചെയ്തു.

40. അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടി കടലിൽ എറിഞ്ഞ് കളഞ്ഞു. അപ്പോൾ ആ അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കൂ.

41. അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കൻമാരാക്കി. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കൊരു സഹായവും നൽകപ്പെടുന്നതല്ല.

فَلَمَّا جَاءَهُم مُّوسَىٰ بِآيَاتِنَا بَيِّنَاتٍ قَالُوا
مَا هَٰذَا إِلَّا سِحْرٌ مُّفْتَرًى وَمَا سَمِعْنَا
بِهَٰذَا فِي آبَائِنَا الْأَوَّلِينَ ﴿٣٦﴾

وَقَالَ مُوسَىٰ رَبِّي أَعْلَمُ بِمَن جَاءَ بِالْهُدَىٰ
مِنْ عِندِهِ وَمَن تَكُونُ لَهُ عَاقِبَةُ الدَّارِ ۖ إِنَّهُ
لَا يُفْلِحُ الظَّالِمُونَ ﴿٣٧﴾

وَقَالَ فِرْعَوْنُ يَا أَيُّهَا الْمَلَأُ مَا عَلِمْتُ
لَكُم مِّنْ إِلَٰهٍ غَيْرِي فَأَوْقِدْ لِي يَا هَامَانُ
عَلَى الطِّينِ فَاجْعَل لِّي صَرْحًا لَّعَلِّي أَطَّلِعُ إِلَىٰ
إِلَٰهِ مُوسَىٰ وَإِنِّي لَأَظُنُّهُ مِنَ الْكَاذِبِينَ ﴿٣٨﴾

وَاسْتَكْبَرَ هُوَ وَجُنُودُهُ فِي الْأَرْضِ بِغَيْرِ الْحَقِّ
وَظَنُّوا أَنَّهُمْ إِلَيْنَا لَا يُرْجَعُونَ ﴿٣٩﴾

فَأَخَذْنَاهُ وَجُنُودَهُ فَنَبَذْنَاهُمْ فِي الْيَمِّ ۖ فَانظُرْ
كَيْفَ كَانَ عَاقِبَةُ الظَّالِمِينَ ﴿٤٠﴾

وَجَعَلْنَاهُمْ أَئِمَّةً يَدْعُونَ إِلَى النَّارِ ۖ وَيَوْمَ
الْقِيَامَةِ لَا يُنصَرُونَ ﴿٤١﴾

وَأَتْبَعْنَاهُمْ فِي هَٰذِهِ الدُّنْيَا لَعْنَةً ۖ وَيَوْمَ الْقِيَامَةِ
هُم مِّنَ الْمَقْبُوحِينَ ﴿٤٢﴾

42. ഈ ഐഹികജീവിതത്തിൽ അവരുടെ പിന്നാലെ നാം ശാപം അയക്കുകയും ചെയ്തു. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർ വെറുക്കപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.

36) അങ്ങനെ മൂസാ(അ) തന്റെ രക്ഷിതാവിന്റെ സന്ദേശവുമായി പോയി. (അങ്ങനെ നമ്മുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് മൂസാ അവരുടെ അടുക്കൽ ചെന്നപ്പോൾ) മൂസാ(അ) അവരോട് പറഞ്ഞതിനെ തെളിയിക്കുന്ന നമ്മുടെ വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുത്ത് ചെന്നപ്പോൾ; അതിൽ യാതൊരു കുറവും അവ്യക്തയും കൂടാതെ. അന്യായമായും ധിക്കാരപരമായും ദുശ്ശാഠ്യത്തോടെയും (അവർ പറഞ്ഞു: ഇത് വ്യാജ നിർമിതമായ ഒരു ജാലവിദ്യയല്ലാതെ മറ്റൊന്നുമല്ല) അസത്യം ഇല്ലാതാവുകയും അസത്യത്തിനു മേൽ സത്യം വിജയിക്കുകയും സത്യം വെളിവാവുകയും ചെയ്തപ്പോൾ ഫിർഔൻ പറഞ്ഞത് പോലെ. സത്യത്തിന്റെ നിജസ്ഥിതി അറിയുന്ന നേതാക്കളും അദ്ദേഹത്തെ പിന്തുണച്ചു.

إِنَّهُ لَكَبِيرُكُمُ الَّذِي عَلَّمَكُمُ السِّحْرَ ۖ

“അദ്ദേഹം നിങ്ങളെ സിഹ്ർ പഠിപ്പിച്ച നിങ്ങളുടെ നേതാവാണ്” (ത്വാഹാ: 71).

ബുദ്ധിമാനാണെങ്കിലും നല്ല മനസ്സില്ലാത്തവനാണ് ഫിർഔൻ. അല്ലാഹു പുറഞ്ഞതുപോലെ കുതന്ത്രത്തിലും വഞ്ചനയിലും അഗ്രഗണ്യനാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അധിപനല്ലാത്ത മറ്റാരും ഈ അത്ഭുത ദൃഷ്ടാന്തങ്ങൾ ഇറക്കുകയില്ലെന്ന് അവനറിയാമായിരുന്നു. പക്ഷേ, അവന്റെ വിധി അവനെ പിടികൂടി. അവനത് അംഗീകരിക്കാൻ ഭാഗ്യമുണ്ടായില്ല. (നമ്മുടെ പൂർവ പിതാക്കളിൽ ഇങ്ങനെയൊരു കാര്യത്തെപ്പറ്റി നാം കേട്ടിട്ടില്ല) അവർ കള്ളം പറയുകയാണ്. തീർച്ചയായും അല്ലാഹു മൂസാക്കു മുമ്പ് യൂസുഫ് നബി (അ)യെ അയച്ചിട്ടുണ്ട്.

وَلَقَدْ جَاءَكُمْ يُوسُفُ مِن قَبْلُ بِالْبَيِّنَاتِ فَمَا
زِلْتُمْ فِي شَكٍّ مِّمَّا جَاءَكُم بِهِ ۖ حَتَّىٰ إِذَا هَلَكَ
قُلْتُمْ لَن يَبْعَثَ اللَّهُ مِن بَعْدِهِ رَسُولًا ۚ كَذَٰلِكَ
يُضِلُّ اللَّهُ مَنْ هُوَ مُسْرِفٌ مُّرْتَابٌ

“വ്യക്തമായ തെളിവുകളും കൊണ്ട് മുമ്പ് യൂസുഫ് നിങ്ങളുടെ അടുത്ത് വരികയുണ്ടായിട്ടുണ്ട്. അപ്പോൾ അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ പറ്റി നിങ്ങൾ സംശയത്തിലായിക്കൊണ്ടേയിരുന്നു. എന്നിട്ട് അദ്ദേഹം മരണപ്പെട്ടപ്പോൾ ഇദ്ദേഹത്തിന് ശേഷം അല്ലാഹു ഇനി ഒരു ദൂതനെയും നിയോഗിക്കുകയേ ഇല്ലെന്ന് നിങ്ങൾ പറഞ്ഞു. അപ്രകാരം അതിക്രമകാരിയും സംശയാലുവുമായിട്ടുള്ളതാരോ അവരെ അല്ലാഹു വഴിതെറ്റിക്കുന്നു” (40:34).

37) താൻ കൊണ്ടുവന്നത് ജാലവിദ്യയും വഴികേടുമാണെന്നും അവർ പിന്തുടരുന്നത് യഥാർഥ മാർഗദർശനവുമാണെന്ന് അവകാശപ്പെട്ടപ്പോൾ (മൂസാ പറഞ്ഞു: തന്റെ പക്കൽനിന്ന് സന്മാർഗവും കൊണ്ട് വന്നിട്ടുള്ളവനാണെന്നും ഈ ലോകത്തിന്റെ പര്യവസാനം ആർക്ക് അനുകൂലമായിരിക്കുമെന്നും എന്റെ രക്ഷിതാവിന് നല്ലതുപോലെ അറിയാം) നിങ്ങളുമായുള്ള എന്റെ കൂടിക്കാഴ്ചയും വ്യക്തമായ തെളിവുകൾ അവതരിപ്പിക്കുന്നതും ഒരു പ്രയോജനവും ഉണ്ടാക്കുന്നില്ല. മാത്രവുമല്ല, വഴികേടിൽ അതിരുവിടുകയും അവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും കൂടി ചെയ്യുന്നു. അതാണ് അല്ലാഹു പറഞ്ഞത്; ആരാണ് സന്മാർഗം പ്രാപിക്കുന്നതെന്നും അല്ലാത്തതെന്നും, ആരുടെ അന്ത്യം നല്ലതായിരിക്കുമെന്നും അല്ലാഹുവിന് നന്നായി അറിയാം എന്ന്. അതായത്, നിങ്ങളോ ഞങ്ങളോ? (അക്രമികൾ വിജയം പ്രാപിക്കുകയില്ല) നല്ല പര്യവസാനം മൂസാക്കും അനുചരന്മാർക്കുമുള്ളതാണ്. അതായത്, വിജയം. ഇക്കൂട്ടർക്കാകട്ടെ നഷ്ടവും നാശവും ചീത്ത പര്യവസാനവും.

38) തന്റെ രക്ഷിതാവിനെ എതിർക്കാൻ ധൈര്യം കാണിച്ചും തന്റെ ജനതയെ വിഡ്ഢികളായി കണ്ടും (ഫിർഔൻ പറഞ്ഞു: പ്രമുഖന്മാരേ, ഞാനല്ലാതെ യാതൊരു ദൈവവും നിങ്ങൾക്കുള്ളതായി ഞാനറിഞ്ഞിട്ടില്ല) അതായത്, നിങ്ങൾക്ക് ആരാധ്യനായി ഞാൻ മാത്രമേയുള്ളൂ. അവിടെ മറ്റുവല്ല ആരാധ്യന്മാരുമുണ്ടെങ്കിൽ അത് ഞാനറിയും. ഇവിടെ ഫിർഔനിന്റെ ‘സൂക്ഷ്മത’ നിങ്ങൾ നോക്കൂ! ഞാനല്ലാതെ നിങ്ങൾക്ക് ഒരു ആരാധ്യനില്ല എന്നല്ല ഫിർഔൻ പറഞ്ഞത്. മറിച്ച് ഞാനല്ലാ

തെ നിങ്ങൾക്ക് ഒരു ആരാധ്യ നുള്ളതായി 'എനിക്കറിയില്ല' എന്നാണ്. അവർക്കവൻ ഒരു ശ്രേഷ്ഠപണ്ഡിതനാണ്. അവൻ എന്തു പറഞ്ഞാലും അവർക്കത് സത്യമാണ്. അവൻ കൽപിക്കുന്നതെന്തും അവർ അനുസരിക്കും. മറ്റൊരു ആരാധ്യനില്ലെന്ന് അവൻ പറഞ്ഞപ്പോൾ മറ്റൊരു ആരാധ്യൻ ഉണ്ടാകാനുള്ള സാധ്യതയില്ലെന്ന് സ്ഥിരീകരിക്കാനാണ് അവന്റെ ശ്രമം. അങ്ങനെ അവൻ ഹാമാനോട് പറഞ്ഞു: (അതുകൊണ്ട് ഹാമാനേ, എനിക്ക് വേണ്ടി കളിമണ്ണുകൊണ്ട് ചുട്ടെടുക്കൂ) കളിമണ്ണ് കൊണ്ടുള്ള ഇഷ്ടിക ഉണ്ടാക്കുക. (എന്നിട്ട് എനിക്ക് നീ ഒരു ഉന്നതസൗധം ഉണ്ടാക്കിത്തരിക) അതായത്, ഉയർന്ന കെട്ടിടം. (മൂസായുടെ ദൈവത്തിങ്കലേക്ക് എനിക്കൊന്ന് എത്തിനോക്കാമല്ലോ. തീർച്ചയായും അവൻ വ്യാജം പറയുന്നവരുടെ കൂട്ടത്തിലാണെന്നാണ് ഞാൻ വിചാരിക്കുന്നത്) ഇത് ശരിയാണെന്ന് ഞാൻ നിങ്ങളെ ബോധ്യപ്പെടുത്താം. മൂസായുടെ കളവ് ഞാൻ കാണിച്ചുതരികയും ചെയ്യാം. അല്ലാഹുവിനെതിരെ എത്ര വലിയ ധിക്കാരത്തിനാണ് അവൻ ധൈര്യം കാണിച്ചത്! ഒരു മനുഷ്യനും ധൈര്യപ്പെടാത്തത്! മൂസായെ കളവാക്കി, ദൈവമാണെന്ന് വാദിച്ചു. മൂസായുടെ ദൈവത്തെ കണ്ടെത്താൻ സൗകര്യങ്ങൾ ഉണ്ടാക്കാൻ കൽപിച്ചു. ഇതെല്ലാം കബളിപ്പിക്കലാണ്. എന്നാൽ അത്ഭുതം! ഫിർഔനിന്റെ ഭരണകൂടത്തിലെ പ്രമുഖരെന്ന് വാദിക്കുന്ന, കാര്യങ്ങളുടെ നിയന്താക്കളെന്ന് അവകാശപ്പെടുന്ന ഇവരെ എത്രത്തോളം ഫിർഔൻ വിഡ്ഢികളാക്കുന്നു! അവരെ വിവേകമില്ലാത്തവരായി കാണുന്നു. അവരുടെ സ്വഭാവങ്ങളിൽ ആഴത്തിൽ വേരൂന്നിയ ദുഷ്പ്രവൃത്തികളാണ് ഇതിന്റെ അടിസ്ഥാനം. അവരുടെ മതപരമായ കാഴ്ചപ്പാടുകളിൽ തകരാർ സംഭവിച്ചു. അതവരുടെ ബുദ്ധികളെയും ബാധിച്ചു. അല്ലാഹു നമ്മെ ഈമാനിൽ ഉറപ്പിച്ചുനിർത്തട്ടെ. സന്മാർഗം ലഭിച്ചശേഷം മനസ്സുകളെ തെറ്റിക്കാതിരിക്കട്ടെ. ഞങ്ങൾക്ക് നീ അനുഗ്രഹം നൽകേണമേ. നീ അത്യധികമായി നൽകുന്നവനാണല്ലോ.

39) അല്ലാഹു പറഞ്ഞു: (അവനും അവന്റെ സൈന്യങ്ങളും ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു) അല്ലാഹുവിന്റെ അടിമകളോട് അവൻ ധിക്കാരത്തോടെ പെരുമാറി. അവർ അവരെ കഠിനമായി പീഡിപ്പിച്ചു. അല്ലാഹുവിന്റെ ദൂതന്മാരോടും അവർ കൊണ്ടുവന്ന ദൃഷ്ടാന്തങ്ങളോടും അവർ നിഷേധം കാണിച്ചു. അവർ കൊണ്ടുവന്നതിനെക്കാൾ എത്രയോ നല്ലതിലാണ് അവർ നിലകൊള്ളുന്നതെന്ന് വാദിച്ചു. (നമ്മുടെ അടുക്കലേക്ക് അവർ മടക്കപ്പെടുകയില്ലെന്ന് അവർ വിചാരിച്ചു). അതാണവരുടെ ധൈര്യം. അതല്ല, അവർ മടക്കപ്പെടുമെന്ന് അവർ അറിഞ്ഞിരുന്നുവെങ്കിൽ ഇതൊന്നും അവരിൽ നിന്നുണ്ടാവില്ല.

40) (അതിനാൽ അവനെയും അവന്റെ സൈന്യങ്ങളെയും നാം പിടികൂടി) അവർ പിടിവാശിയിലും അതിക്രമത്തിലും ഉറച്ചുനിന്നപ്പോൾ. (നാം അവരെ കടലിൽ എറിഞ്ഞുകളഞ്ഞു. അപ്പോൾ ആ അക്രമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കൂ) ശിക്ഷകളിൽ ഏറ്റവും മോശമായത് അവർക്കു വന്നു. ഏറ്റവും വലിയ പരാജിതരും ഇവർതന്നെ. ഇഹലോകത്ത് അവർക്ക് ശിക്ഷ നൽകി. പരലോകത്തും ശിക്ഷ തുടരും.

41) (അവരെ നാം നരകത്തിലേക്ക് ക്ഷണിക്കുന്ന നേതാക്കന്മാരാക്കി) അതായത്, ഫിർഔനിനെയും അവന്റെ പ്രമാണികളെയും നാം പിന്തുടരപ്പെടുന്ന നേതാക്കളാക്കി. അതെ, അവർക്ക് പിന്നിൽ പോകുന്നവർ നഷ്ടത്തിന്റെയും അപമാനത്തിന്റെയും ഭവനത്തിലാണ് എത്തുന്നത്. (ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കൊരു സഹായവും നൽകപ്പെടുന്നതല്ല) അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും. അത് തടയാൻ അവർ ദുർബലരായിരിക്കും. അല്ലാഹുവിന് പുറമെ അവർക്ക് ഒരു സഹായിയോ രക്ഷകനോ ഇല്ല.

42) (ഈ ഐഹിക ജീവിതത്തിൽ അവരുടെ പിന്നാലെ നാം ശാപം അയക്കുകയും ചെയ്തു). അതായത്, ഈ ലോകത്തിലെ ശിക്ഷക്കും അപമാനത്തിനും പുറമെ അധിക ശിക്ഷയായി ഒരു ശാപവും നാം അവർക്ക് നിശ്ചയിച്ചു. അതിനാൽ ജനങ്ങളുടെ അടുക്കൽ അവർക്ക് ദുഷ്കീർത്തിയും വെറുപ്പും ഉണ്ടായി. ഇത് വ്യക്തമായ ഒരു കാര്യമാണ്. ഈ ലോകത്ത് അവർ ശപിക്കപ്പെട്ടവരുടെ നേതാക്കളാണ്. അവരിൽ പ്രധാനികളാണ്. (ഉയിർത്തെഴുന്നേൽപ് നാളിൽ അവർ വെറുക്കപ്പെട്ടവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും). നിന്ദിക്കപ്പെട്ടവരുടെ കൂട്ടത്തിലും. അകറ്റി നിർത്തപ്പെട്ടവർ, അല്ലാഹുവിന്റെയും ജനങ്ങളുടെയും അവരുടെ തന്നെയും കോപം അവർക്കുണ്ട്.

*(തുടരും)*




**ഷാർജ അന്താരാഷ്ട്ര പുസ്തകമേള**

# ഇളം മനസ്സുകളിൽ നന്മയുടെ വെളിച്ചം വിതറി ‘കളിച്ചങ്ങാടം’

നബി(സ്വ)പറഞ്ഞു: “അല്ലാഹുവിന്റെ അതിർവരമ്പുകൾ പാലിക്കുകയും അവ അതിലംഘിക്കുകയും ചെയ്യുന്നവരുടെ ഉപമ ഒരു കപ്പൽ യാത്രക്കാരുടെതു പോലെയാണ്. രണ്ടു തട്ടുള്ള കപ്പലിൽ യാത്രക്ക് ഒരുങ്ങിയപ്പോൾ അവർ നറുക്കിട്ടു. അങ്ങനെ ചിലർ മുകളിലെ തട്ടിലും മറ്റു ചിലർ താഴെ തട്ടിലുമായി. താഴെ തട്ടിലുള്ളവർക്ക് കുടിവെള്ളം ലഭിക്കണമെങ്കിൽ മുകളിൽ കയറിപ്പോകണമായിരുന്നു. അങ്ങനെയിരിക്കെ അവരിൽ ചിലർ പറഞ്ഞു: ‘നമുക്ക് നമ്മുടെ ഈ ഭാഗത്ത് എവിടെയെങ്കിലും ഒരു ദ്വാരമുണ്ടാക്കിയാൽ മുകളിലുള്ളവരെ ബുദ്ധിമുട്ടിക്കാതിരിക്കാമല്ലോ.’ നബി(സ്വ) തുടരുന്നു: ‘നിങ്ങൾ അവരെ അവരുടെ തീരുമാനവുമായി വിടുകയാണെങ്കിൽ നിങ്ങളെല്ലാവരും നശിക്കും. നിങ്ങൾ അവരുടെ കൈക്ക് പിടിച്ച് വിലക്കുകയാണെങ്കിലോ അവരും നിങ്ങളും എല്ലാവരും രക്ഷപ്പെടുകയും ചെയ്യും”(ബുഖാരി).

ഇസ്‌ലാം ധാർമിക, സദാചാര മൂല്യങ്ങളിൽ അധിഷ്ഠിതമായ മതമാണ്. ഉത്തമമായ എല്ലാ സ്വഭാവഗുണങ്ങളും അത് പഠിപ്പിക്കുന്നു. ഇസ്‌ലാം മാനവികമായ എല്ലാ ഗുണങ്ങളെയും ഉൾക്കൊള്ളുന്നു. അമാനവികമായ എല്ലാ ദുർഗുണങ്ങളെയും നിരാകരിക്കുന്നു. മനുഷ്യാവകാശങ്ങളെ അത് മാനിക്കുന്നു. നീതി പാലിക്കുവാനും അക്രമത്തിന്റെ പാത വെടിയുവാനും കൽപിക്കുന്നു.

എന്നാൽ വർത്തമാനകാല ലോകത്ത് ഇത്തരം ധാർമിക മൂല്യങ്ങളോട് വെറുപ്പും വിരോധവും വച്ചുപുലർത്തുന്ന തലമുറയാണ് വളർന്നുവരുന്നത്. അതെല്ലാം പുരോഗമന വിരുദ്ധവും പഴഞ്ചൻ ആശയങ്ങളുമാണ് എന്നാണ് അവർ പറയുന്നത്. ഈയൊരു ചിന്താഗതിയിലേക്ക് പുതുതലമുറയെ ബോധപൂർവം നയിക്കുന്നതിൽ ലിബറലിസ്റ്റുകൾ തങ്ങളുടെ ഊർജം പരമാവധി ചെലവഴിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ഈയൊരു പശ്ചാത്തലത്തിൽ, ഇളംതലമുറ വഴിതെറ്റിപ്പോകാതിരിക്കാൻ ജാഗ്രത പാലിക്കൽ രക്ഷിതാക്കളുടെയും സംഘടനയുടെയും ഉത്തരവാദിത്തമാണെന്ന ഉത്തമ ബോധവും ബോധ്യവുമുള്ളതു കൊണ്ട് വിസ്ഡം സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷൻ വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അതിന്റെ ഒരു ഭാഗമാണ് ‘കളിച്ചങ്ങാടം.’

യുഎഇയിലെ വിവിധ പ്രവിശ്യകളിലെ മദ്റസ വിദ്യാർഥികളെ സംഘടിപ്പിച്ചുകൊണ്ട് ഷാർജ അന്താരാഷ്ട്ര പുസ്തക മേളയിലെ വിശാലവും മനോഹരവുമായ മെയിൻ വേദിയിൽ വെച്ച് നവംബർ 8ന് നടത്തിയ കളിച്ചങ്ങാടം കുട്ടികൾക്ക് നവ്യാനുഭവം പകർന്നു നൽകുന്നതായിരുന്നു.

ആങ്കർമാരായി രംഗത്തെത്തിയ രണ്ടു കൊച്ചു മിടുക്കന്മാർ വളരെ തന്മയത്വത്തോടെ അവരുടെ ഭാഗം നിർവഹിച്ചു. പാട്ടും പ്രസംഗവും ക്വുർആൻ പാരായണവും ചോദ്യോത്തരങ്ങളുമൊക്കെയായി കുട്ടികൾ മണിക്കൂറുകൾ ചെലവഴിച്ചപ്പോൾ അവർക്കു കിട്ടിയത് സ്വന്തം കഴിവുകൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാനുള്ള അവസരവും പുത്തൻ അറിവുകളും ഈമാനികമായ ആവേശവുമാണ്.

ധാർമികതയിൽ ഊന്നിയ ജീവിതം നയിക്കുന്ന, അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, മുഹമ്മദ് നബി(സ്വ)യുടെ ജീവിത മാതൃക പിൻപറ്റുന്ന, മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യുന്ന മക്കളായി മാറേണ്ടതിന്റെ പ്രാധാന്യം ആസ്വാദ്യകരമായ പരിപാടികളിലൂടെ അവർ മനസ്സിലാക്കി. സ്വഫ്‌വാൻ പൂച്ചാക്കൽ, ജലീൽ ഒട്ടുമ്മൽ തുടങ്ങിയവർ നേതൃത്വം നൽകി.

ഇബ്നു അലി
എടത്തനാട്ടുകര
: 94461 51577



"അളവിൽ കുറക്കുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്" (ക്വുർആൻ 83:13).

# ആയിരത്തിന് നൂറു കുറവ്!

ഒരു യാത്രകഴിഞ്ഞ് മടങ്ങുകയാണ് സഹോദരന്മാരും അവരുടെ ഭാര്യമാരും കുട്ടികളും. കൃഷി കൂടുതലുള്ള അയൽ സംസ്ഥാനത്തിലൂടെ വഴിയോരക്കാഴ്ചകൾ കണ്ടാണ് മടക്കം. റോഡരികിൽ മരച്ചുവട്ടിലും ഷീറ്റ് കെട്ടിയും ഇടയ്ക്കിടെ തട്ടിക്കൂട്ട് കടകൾ കാണാം.

പച്ചക്കറിയും ധാന്യങ്ങളും വിൽക്കുന്ന ഒരിടം കണ്ടപ്പോൾ കുറച്ച് വാങ്ങാം എന്നായി. അവിടെ നിന്ന് വാങ്ങുമ്പോൾ വിലക്കുറവ് തീർച്ച. കൃഷിയിടങ്ങളിൽനിന്ന് പറിച്ചെടുത്തയുടൻ വിൽപനക്ക് വെച്ചതാകാം എന്നതുകൊണ്ട് പുതുമ നഷ്ടപ്പെട്ടിട്ടുണ്ടാവില്ല എന്നാണ് പ്രതീക്ഷ. പാതവക്കത്ത് കാറ്റും വെയിലും പൊടിയുമേറ്റ്, മുന്നിലൂടെ പോകുന്ന എല്ലാ വാഹനങ്ങളിലേക്കും പ്രതീക്ഷയോടെ നോക്കുന്ന പാവം കച്ചവടക്കാരനെ സഹായിക്കുന്നു എന്ന സന്തോഷവും.

എല്ലാവരും കുറച്ച് പച്ചക്കറി ഐറ്റങ്ങളും ചില ധാന്യങ്ങളും വാങ്ങി. എല്ലാറ്റിലും 100 ഗ്രാം കൂടുതൽ ഇട്ടിട്ടുണ്ടെന്ന് ഇടയ്ക്കിടെ പറഞ്ഞ് കച്ചവടക്കാരൻ താൻ ഉദാരനാണെന്ന് സ്ഥാപിച്ചുകൊണ്ടിരുന്നു. സാധനങ്ങൾ വാങ്ങി കാറിൽ വെച്ചപ്പോൾ ഒരാൾക്ക് സംശയം, തൂക്കക്കുറവ് ഉണ്ടോയെന്ന്!

സാധനം തിരികെകൊണ്ടു പോയി. ഇലക്ട്രോണിക് ത്രാസിൽ സാധനങ്ങൾ ഇട്ട് തൂക്കുന്ന പാത്രം വെച്ച് പൂജ്യം ഭാരം ഉറപ്പാക്കി തൂക്കി നോക്കിയപ്പോൾ കിലോഗ്രാമിൽ കൃത്യം 100 ഗ്രാം കുറവ്! അവൻ സാധനം വേണ്ട എന്ന് പറഞ്ഞ് കാശ് തിരികെ വാങ്ങി.

മറ്റുള്ളവർ അവർ വാങ്ങിയത് തൂക്കിയപ്പോഴും അതേ അവസ്ഥ; കിലോഗ്രാമിന് 100 ഗ്രാം എന്ന തോതിൽ തൂക്കം കമ്മി! പാത്രത്തിന്റെ തൂക്കത്തിലാണ് തിരുമറി ക്രമീകരിച്ചിരിക്കുന്നത്. ഒരു കിലോ വിറ്റാൽ 100 ഗ്രാം അയാൾക്ക് കൂടുതൽ ലാഭം. തൂക്കം കുറവ് കണ്ടെത്തിയവർക്ക് 100 ഗ്രാം അധികം കൊടുക്കാം എന്ന് അയാൾ പറഞ്ഞെങ്കിലും അധികം വേണ്ടെന്നു പറഞ്ഞ് അവർ മടങ്ങി.

എത്രയോ ആളുകൾ അയാളിൽനിന്ന് പച്ചക്കറികൾ വാങ്ങിയിരിക്കാം. അന്നും തൊട്ട് മുമ്പുള്ള ദിവസങ്ങളിലും എന്നല്ല; ഒരുപക്ഷേ, എന്നോ തുടങ്ങിയതായിരിക്കാം ആ തട്ടിപ്പ്. എത്ര പേരുടെ കാശാണ് അനർഹമായി അയാളും മക്കളും കുടുംബവും ഭുജിച്ചിട്ടുണ്ടാവുക!

റോഡരികിലും മറ്റും വലിയ വിലക്കുറവിൽ സാധനം വിൽക്കുന്നവർ ഇങ്ങനെ തൂക്കത്തിൽ കൃത്രിമം കാണിക്കുന്നതിൽ ഒരു തവണ ഞാനും പെട്ടിട്ടുണ്ട്; പട്ടണത്തിലെ സ്റ്റാന്റിനടുത്ത് റോഡിരികിലെ കച്ചവടക്കാരനിൽ നിന്ന് ഓറഞ്ച് വാങ്ങിയപ്പോൾ.

ഇങ്ങനെ അളവിലും തൂക്കത്തിലും വെട്ടിപ്പും തട്ടിപ്പും നടത്തി വരുമാനം വർധിപ്പിക്കുന്നവരെ കാത്തിരിക്കുന്നത് മഹാനാശമാണെന്ന മാതാധ്യാപനം വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ■



ഡോ. ടി. കെ. യൂസുഫ്
: 9349798262

ക്വുർആനിലെ പ്രപഞ്ച വിസ്മയങ്ങൾ 09

# രാപകലുകൾ

ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിനോടനുബന്ധിച്ച് അല്ലാഹുവിന്റെ അനുഗ്രഹമായി ക്വുർആനിൽ പ്രത്യേകം പരാമർശിച്ച കാര്യമാണ് രാപകലുകൾ. നൂറോളം സ്ഥലങ്ങളിൽ രാത്രിയെക്കുറിച്ച് പറയുന്നുണ്ട്. അവയിൽ അധികവും രാവും പകലും മാറിമാറി വരുന്നതിനെക്കുറിച്ചാണ് പറയുന്നത്. കാരണം, ഭൂമിയിലെ മനുഷ്യരുടെയും ജീവികളുടെയും സസ്യങ്ങളുടെയും നിലനിൽപിനും മനുഷ്യന്റെ കാലഗണനക്കും ഇവ രണ്ടും അത്യന്താപേക്ഷിതമാണ്. ഇരുണ്ട രാവും തെളിഞ്ഞ പകലും ഋതുഭേദങ്ങളും ഉൾതിരിയുന്ന രൂപത്തിൽ ഭൂമിയുടെ ചലനം സംവിധാനിച്ച അല്ലാഹു കാരുണ്യവാനും അനുഗ്രഹ പൂർണനുമാണ്.

രാത്രിക്ക് എന്താണിത്ര പ്രത്യേകത എന്നറിയണമെങ്കിൽ രാത്രിയിൽ മനുഷ്യശരീരത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ അറിയേണ്ടതുണ്ട്. ഉദാഹരണമായി, മനുഷ്യമസ്തിഷ്കത്തിന്റെ അന്തർഭാഗത്തുള്ള പീനൽ ഗ്രന്ഥി 'മെലറ്റോനിൻ' (Melatonin) എന്ന ഹോർമോൺ ഉത്പാദിപ്പിക്കുന്നത് രാത്രിയിൽ മാത്രമാണ്. ഒരു നിരോക്ഷീകാരം കൂടിയായ ഈ ഹോർമോൺ മനുഷ്യശരീരത്തിൽ സുപ്രധാനമായ പല ദൗത്യങ്ങളും നിർവഹിക്കുന്നുണ്ട്. ഹൃദയമിടിപ്പ്, രക്തസമ്മർദം, ഹോർമോൺ സന്തുലനം എന്നിവ കാത്തുസൂക്ഷിക്കുന്നതോടൊപ്പം പരിസ്ഥിതി മാറുന്നതിനനുസരിച്ച് ശരീരം എടുക്കേണ്ട തയ്യാറെടുപ്പുകളെക്കുറിച്ച് നിർദേശം നൽകുന്നതും ഈ ഹോർമോൺ തന്നെയാ

ണ്. അതോടൊപ്പം മാരകമായ പല രോഗങ്ങളെ ചെറുത്ത് നിൽക്കാൻ ശരീരത്തിന് ശക്തി നൽകുന്നതും മെലറ്റോനിൻ തന്നെയാണ്. മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിലും ശരീരത്തിന് വിശ്രമം നൽകുന്നതിലും ഈ ഹോർമോൺ വളരെ വലിയ ഒരു പങ്ക് വഹിക്കുന്നുണ്ടെന്ന കാര്യവും ഇപ്പോൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ക്വുർആൻ വ്യക്തമാക്കുന്നതായി കാണാം:

وَجَعَلَ اللَّيْلَ سَكَنًا

“...രാത്രിയെ അവൻ ശാന്തമായ വിശ്രമ വേളയാക്കിയിരിക്കുന്നു...”(6:96).

وَ الَّذِي جَعَلَ لَكُمُ اللَّيْلَ لِتَسْكُنُوا فِيهِ

“അവനത്രെ നിങ്ങൾക്കു വേണ്ടി രാത്രിയെ ശാന്തമായി കഴിയത്തക്കവിധമാക്കിത്തന്നത്...”(10:67).

രാത്രിയിലെ ഇരുട്ട് ശരീരത്തിൽ മെലാറ്റോനിൻ ഉത്പാദിപ്പിക്കുന്നതുപോലെ പകലിലെ സൂര്യപ്രകാശം പീനൽ ഗ്രന്ഥിക്ക് സെറോറ്റോനിൻ (Serotonin) എന്ന ഹോർമോൺ സ്രവിപ്പിക്കാൻ ശക്തി നൽകുന്നുണ്ട്. രാത്രിയിൽ വൈദ്യുത വെളിച്ചത്തിലോ മറ്റോ നിൽക്കുന്നതുകൊണ്ട് സെറോറ്റോനിൽ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല മെലറ്റോനിൻ ഉത്പാദനത്തെ അത് തടസ്സപ്പെടുത്തുകയും ചെയ്യും. അതു കൊണ്ട് തന്നെ ക്വുർആൻ ഒരു ‘മൂടുപടം’ എന്നു വിശേഷിപ്പിച്ച ‘രാത്രിയുടെ കരിമ്പടം’ പുതച്ചുറങ്ങുന്നതാണ് ആരോഗ്യത്തിന് ഏറ്റവും ഗുണകരമായിട്ടുള്ളത്. രാത്രിയിലെ നിദ്രയാണ് പകലുറക്കത്തെക്കാൾ അഭികാമ്യമെന്ന് വൈദ്യശാസ്ത്രം തെളിയിച്ചതാണ്. അതുപോലെ രാത്രിയിലെ ആദ്യപകുതിയിലെ ഉറക്കത്തിന് രണ്ടാം പകുതിയിലേതിനെക്കാൾ മൂന്നിരട്ടി മേന്മയുണ്ട് എന്ന വസ്തുത നേരത്തെ ഉറങ്ങാനുള്ള പ്രവാചക നിർദേശത്തെയാണ് സത്യപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു:

وَهُوَ الَّذِي جَعَلَ لَكُمُ اللَّيْلَ لِبَاسًا
وَالنَّوْمَ سُبَاتًا وَجَعَلَ النَّهَارَ نُشُورًا

“അവനത്രെ നിങ്ങൾക്കുവേണ്ടി രാത്രിയെ ഒരു വസ്ത്രവും ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ അവൻ പുനർജീവനമാക്കുയും ചെയ്തിരിക്കുന്നു”(25:47).

മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുന്നു:

وَجَعَلْنَا اللَّيْلَ لِبَاسًا ﴿١٠﴾ وَجَعَلْنَا النَّهَارَ
مَعَاشًا ﴿١١﴾

“രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും പകലിനെ നാം ജീവസന്ധാരണവേളയാക്കുകയും ചെയ്തിരിക്കുന്നു”(78:10,11).

മനുഷ്യ നയനങ്ങളിൽ സൂര്യപ്രകാശ കിരണങ്ങൾ പതിയുന്നതോടുകൂടി തന്നെ അവന്റെ നാഡീവ്യവസ്ഥയിലൂടെ ഒരു സന്ദേശം തലച്ചോറിൽ എത്തുകയും മെലറ്റോനിൻ ഉത്പാദനം നിലക്കുകയും ചെയ്യും. അതോടുകൂടി ‘ശരീരം പകൽ ഹോർമോൺ’ എന്നറിയപ്പെടുന്ന സെ

രാത്രിയിലെ ഇരുട്ട് ശരീരത്തിൽ മെലാറ്റോനിൻ ഉത്പാദിപ്പിക്കുന്നതുപോലെ പകലിലെ സൂര്യപ്രകാശം പീനൽ ഗ്രന്ഥിക്ക് സെറോറ്റോനിൻ (Serotonin) എന്ന ഹോർമോൺ സ്രവിപ്പിക്കാൻ ശക്തി നൽകുന്നുണ്ട്. രാത്രിയിൽ വൈദ്യുത വെളിച്ചത്തിലോ മറ്റോ നിൽക്കുന്നതുകൊണ്ട് സെറോറ്റോനിൽ ഉത്പാദിപ്പിക്കപ്പെടുന്നില്ല എന്ന് മാത്രമല്ല മെലറ്റോനിൻ ഉത്പാദനത്തെ അത് തടസ്സപ്പെടുത്തുകയും ചെയ്യും. അതുകൊണ്ട് തന്നെ ക്വുർആൻ ഒരു ‘മൂടുപടം’ എന്നു വിശേഷിപ്പിച്ച ‘രാത്രിയുടെ കരിമ്പടം’ പുതച്ചുറങ്ങുന്നതാണ് ആരോഗ്യത്തിന് ഏറ്റവും ഗുണകരമായിട്ടുള്ളത്. രാത്രിയിലെ നിദ്രയാണ് പകലുറക്കത്തെക്കാൾ അഭികാമ്യമെന്ന് വൈദ്യശാസ്ത്രം തെളിയിച്ചതാണ്. അതുപോലെ രാത്രിയിലെ ആദ്യപകുതിയിലെ ഉറക്കത്തിന് രണ്ടാം പകുതിയിലേതിനെക്കാൾ മൂന്നിരട്ടി മേന്മയുണ്ട് എന്ന വസ്തുത നേരത്തെ ഉറങ്ങാനുള്ള പ്രവാചക നിർദേശത്തെയാണ് സത്യപ്പെടുത്തുന്നത്.

റോട്ടോനിൻ പോലുള്ള ഹോർമോണുകൾ ഉത്പാദിപ്പിക്കാൻ തുടങ്ങുകയും ചെയ്യും. അതുപോലെ സൂര്യൻ അസ്തമിക്കുന്നതോടു കൂടി ഇതിന് വിപരീതമായുള്ള പ്രവർത്തനങ്ങളും ശരീരത്തിൽ നടക്കും. രാപകലുകൾ മാറിമാറി വരുന്നതിലൂടെ മാത്രമെ ശരീരത്തിലെ ഈ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായി നടക്കുകയുള്ളൂ. അതുപോലെ പ്രപഞ്ചത്തിലെ വാതകഘടനയിലും കാലാവസ്ഥയിലും ജീവികൾക്കും സസ്യങ്ങൾക്കും അനുഗുണമായിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ രാപകലുകളുടെ മാറ്റത്തിലൂടെയാണ് സംഭവിക്കുന്നത്. അതുകൊണ്ടാണ് അല്ലാഹു ഒട്ടേറെ വചനങ്ങളിലൂടെ ഈ രണ്ട് പ്രതിഭാസങ്ങളെക്കുറിച്ച് പറയുന്നത്.

إِنَّ فِي اخْتِلَافِ اللَّيْلِ وَالنَّهَارِ وَمَا خَلَقَ اللَّهُ فِي السَّمَاوَاتِ وَالْأَرْضِ لَآيَاتٍ لِّقَوْمٍ يَتَّقُونَ

"തീർച്ചയായും രാപ്പകലുകൾ മാറിമാറിവരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ളവയിലും സൂക്ഷ്മത പാലിക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്" (10:6).

يُقَلِّبُ اللَّهُ اللَّيْلَ وَالنَّهَارَ ۚ إِنَّ فِي ذَٰلِكَ لَعِبْرَةً لِّأُولِي الْأَبْصَارِ

"അല്ലാഹു രാവും പകലും മാറ്റി മറിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും അതിൽ കണ്ണുള്ളവർക്ക് ഒരു ചിന്താവിഷയമുണ്ട്"(24:44).

രാത്രിയെക്കുറിച്ച് ക്വുർആൻ പറയുന്നിടത്ത് രണ്ടുതരം രാത്രികളെക്കുറിച്ച് പരാമർശിക്കുന്നതായി കാണാം. ഒന്ന് ഭൂമിയിലെ രാത്രി. രണ്ടാമത്തെത് ആകാശത്തിലെ രാത്രി. ഭൂമിയിലെ രാത്രി കൊണ്ടുദ്ദേശിക്കുന്നത് നാം നിത്യവും കാണുന്ന താത്കാലികവും ഏതാനും സമയം കഴിയുമ്പോൾ മാറി വരുന്നതുമായ രാത്രിയാണ്. എന്നാൽ ആകാശത്തിലെ രാത്രി അനന്തവും അപാരവും പ്രപഞ്ചത്തെ ആകമാനം ഉൾക്കൊള്ളുന്നതുമാണ്. ആകാശരാത്രിയെക്കുറിച്ച് അല്ലാഹു പറയുന്നു:

أَأَنتُمْ أَشَدُّ خَلْقًا أَمِ السَّمَاءُ ۚ بَنَاهَا ﴿٢٧﴾ رَفَعَ سَمْكَهَا فَسَوَّاهَا ﴿٢٨﴾ وَأَغْطَشَ لَيْلَهَا وَأَخْرَجَ ضُحَاهَا ﴿٢٩﴾

"നിങ്ങളാണോ സൃഷ്ടിക്കപ്പെടാൻ കൂടുതൽ പ്രയാസമുള്ളവർ അതല്ല ആകാശമാണോ? അതിനെ (ആകാശത്തെ) അവൻ നിർമിച്ചിരിക്കുന്നു. അതിന്റെ വിതാനം അവൻ ഉയർത്തുകയും അതിനെ അവൻ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അതിലെ രാത്രിയെ അവൻ ഇരുട്ടാക്കുകയും ചെയ്തിരിക്കുന്നു"(79:27,28,29).

ഈ വചനത്തിലെ 'അതിലെ രാത്രി' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ആകാശത്തിലെ രാത്രിയാണ്. അതുപോലെ സൂറതുശ്ശംസിലെ നാലാം സൂക്തത്തിൽ 'രാത്രിയെ തന്നെയാണ് സത്യം, അത് അതിനെ (സൂര്യനെ) മൂടുമ്പോൾ' എന്നതിലെ രാത്രികൊണ്ട് ഉദ്ദേശിക്കപ്പെടുന്നതും ആകാശത്തിലെ രാത്രിയാണ്. കാരണം ഭൂമിയിലെ രാത്രി സൂര്യന്റെ എതിർദിശയിൽ സംഭവിക്കുന്നതുകൊണ്ട് അത് സൂര്യനെ മൂടുന്നു എന്ന് പറയുന്നതിലർഥമില്ല. ഗോളശാസ്ത്ര രംഗത്തെ മനുഷ്യന്റെ പഠന ഗവേഷണങ്ങളും ബഹിരാകാശ സഞ്ചാരത്തിലെ നീരീക്ഷണങ്ങളുമാണ് ഇത്തരം വസ്തുതകളിലേക്ക് വെളിച്ചം വീശിയത്. മനുഷ്യന്റെ വിജ്ഞാന ചക്രവാളം വികസിക്കുന്നതിനനുസരിച്ച് അത്ഭുതങ്ങളിലെ അത്ഭുതമായ ക്വുർആൻ ദൈവികമാണെന്നതിന് ഇനിയും തെളിവുകൾ കണ്ടെത്താൻ കഴിയും.

*(തുടരും)*



ഭൂമിയിലെ രാത്രി സൂര്യന്റെ എതിർദിശയിൽ സംഭവിക്കുന്നതുകൊണ്ട് അത് സൂര്യനെ മൂടുന്നു എന്ന് പറയുന്നതിലർഥമില്ല. ഗോളശാസ്ത്ര രംഗത്തെ മനുഷ്യന്റെ പഠന ഗവേഷണങ്ങളും ബഹിരാകാശ സഞ്ചാരത്തിലെ നീരീക്ഷണങ്ങളുമാണ് ഇത്തരം വസ്തുതകളിലേക്ക് വെളിച്ചം വീശിയത്. മനുഷ്യന്റെ വിജ്ഞാന ചക്രവാളം വികസിക്കുന്നതിനനുസരിച്ച് അത്ഭുതങ്ങളിലെ അത്ഭുതമായ ക്വുർആൻ ദൈവികമാണെന്നതിന് ഇനിയും തെളിവുകൾ കണ്ടെത്താൻ കഴിയും.

നസീമ വാടാനപ്പള്ളി

മരണാനന്തര ആചാരങ്ങളുമായി ബന്ധപ്പെട്ട് കുടുംബക്കാരോ ബന്ധു മിത്രാദികളോ വല്ല അനാചാരവും നടത്തുമെന്ന് ഭയപ്പെട്ടാൽ തീർച്ചയാ യും അത് വിലക്കിക്കൊണ്ട് വസ്വിയ്യത്ത് എഴുതിവെക്കേണ്ടതാണ്. (ഉദാ: കണ്ണൂക്ക്, അടിയന്തിരം, ഖത്തപ്പുരകെട്ടി അതിലിരുന്ന് ഖുർആൻ ഓതൽ).



**രോഗം ഒരു പരീക്ഷണമാണ് 02**

# രോഗം കൊണ്ടുള്ള നേട്ടങ്ങൾ

*1) പാപങ്ങൾ പൊറുക്കപ്പെടും:*

നബി(സ്വ) പറഞ്ഞു: “ഒരു മുസ്‌ലിമിന് ഒരു മുള്ളോ അതിലപ്പുറമോ ബാധിക്കുന്നില്ല; അതുകൊണ്ട് ഒരു പദവി രേഖപ്പെടുത്തിയിട്ടല്ലാതെ, അവനിൽനിന്ന് ഒരു കുറ്റം മായ്ക്കപ്പെട്ടിട്ടുമല്ലാതെ. അല്ലാഹു എത്രയോ സ്നേഹമുള്ളവനാണ്” (മുസ്‌ലിം).

നബി(സ്വ) പറഞ്ഞു: “ഒരു മനുഷ്യന് അല്ലാഹു ഒരു പദവി ഉദ്ദേശിച്ചുകഴിഞ്ഞാൽ ആ പദവിയിലേക്ക് അയാളുടെ പ്രവർത്തനങ്ങൾകൊണ്ട് എത്തുന്നില്ലെങ്കിൽ അല്ലാഹു അവന്റെ ശരീരത്തിൽ പരീക്ഷണങ്ങൾ വെക്കും. അവന്റെ സമ്പാദ്യത്തിലും അവന്റെ മക്കളുടെ കാര്യത്തിലും പരീക്ഷണങ്ങൾ വെക്കും. അപ്പോൾ അവൻ ആ മാർഗത്തിൽ ക്ഷമിക്കും. അങ്ങനെ അല്ലാഹു ഉദ്ദേശിച്ച ആ പദവിയിൽ അവനെ എത്തിക്കും” (അൽബാനി, സ്വഹീഹുത്തർഗീബ്).

പരലോകത്തെ കഠിനമായി ശിക്ഷയിലേക്കെത്തിക്കാതെ ഇവിടെ പരീക്ഷണങ്ങൾ നൽകി അല്ലാഹു നമ്മെ സംരക്ഷിക്കുകയാണ്. ആ സ്നേഹം തിരിച്ചറിഞ്ഞു റബ്ബിനോട് ആവോളം നന്ദി കാണിക്കാൻ നാം തയ്യാറാവേണ്ടതുണ്ട്.

2) രോഗങ്ങൾ സ്വർഗ പ്രവേശനത്തിന് കാരണമാകും:

അത്വാഇ(റ)ൽനിന്ന് നിവേദനം: “എന്നോട് ഒരിക്കൽ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: “സ്വർഗാവകാശിയായ ഒരു സ്ത്രീയെ നിനക്ക് ഞാൻ കാണിച്ചു തരട്ടെയോ?” ‘അതെ’യെന്നു ഞാൻ ഉത്തരം നൽകി. അപ്പോൾ ഇബ്നു അബ്ബാസ്(റ) പറഞ്ഞു: “ഈ കറുത്ത സ്ത്രീയാണത്. നബി(സ്വ)യുടെ അടുക്കൽ വന്നിട്ട് അവൾ പറഞ്ഞു: ‘ഞാൻ ചിലപ്പോൾ അപസ്മാരം ബാധിച്ച് നിലത്തു വീഴും, എന്റെ വസ്ത്രം നീങ്ങി ശരീരം വെളിപ്പെടും. അവിടുന്ന് എനിക്കുവേണ്ടി പ്രാർഥിച്ചാലും.’ നബി(സ്വ) അരുളി: ‘നീ ക്ഷമ കൈക്കൊള്ളുന്നപക്ഷം സ്വർഗം കരസ്ഥമാക്കാം. നിനക്ക് വേണമെങ്കിൽ നിന്റെ രോഗശമനത്തിനായി ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യാം.’ അവൾ പറഞ്ഞു: ‘ഞാൻ ക്ഷമ കൈക്കൊള്ളാം. പക്ഷേ, അബോധാവസ്ഥയിൽ എന്റെ നഗ്നത വെളിപ്പെട്ടുപോകുന്നു. അങ്ങനെ സംഭവിക്കാതിരിക്കാൻ പ്രാർഥിച്ചാലും.’ അപ്പോൾ നബി(സ്വ) അവൾക്കുവേണ്ടി പ്രാർഥിച്ചു.”

**രോഗിയെ സന്ദർശിക്കുന്നതിന്റെ നേട്ടം**

ഒരു വിശ്വാസിക്ക് മറ്റൊരു വിശ്വാസിയുടെ മേലുള്ള ബാധ്യതയായി നബി(സ്വ) എണ്ണിപ്പറിപ്പിച്ച കാര്യങ്ങളിൽ രണ്ടാമത്തെത് രോഗിയെ സന്ദർശിക്കുക എന്നതാണെന്ന് ഇവിടെ പ്രത്യേകം ഓർക്കേണ്ടതുണ്ട്.

സൗബാനി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: “വല്ലവനും ഒരു രോഗിയെ സന്ദർശിച്ചാൽ താൻ മടങ്ങുന്നതുവരെ അയാൾ സ്വർഗീയ പഴങ്ങളിലും തോട്ടങ്ങളിലുമാകുന്നു” (മുസ്ലിം).

അലി(റ) പറഞ്ഞു: “നബി(സ്വ) പറയുന്നതായി ഞാൻ കേട്ടു: ‘ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ പ്രഭാത സമയത്ത് രോഗസന്ദർശനം നടത്തുന്നില്ല; വൈകുന്നേരംവരെ എഴുപതിനായിരം മലക്കുകൾ അവന് കാരുണ്യത്തിനായി പ്രാർഥിക്കാതെ. വൈകുന്നേരത്താണ് അയാൾ രോഗിയായ മുസ്ലിമിനെ സന്ദർശിക്കുന്നതെങ്കിൽ എഴുപതിനായിരം മലക്കുകൾ പ്രഭാതംവരെ അവന് കാരുണ്യത്തിനായി പ്രാർഥിക്കുന്നതാണ്. അവന് സ്വർഗത്തിൽ പറിക്കപ്പെട്ട കനികളുണ്ട്” (തിർമിദി).

അബൂഹുറയ്റ(റ) നിവേദനം: “നബി(സ്വ) പറഞ്ഞു: ‘ഒരു മനുഷ്യൻ തന്റെ സഹോദരനെ രോഗാവസ്ഥയിൽ സന്ദർശനം നടത്തി, അല്ലെങ്കിൽ ഒരു സൗഹാർദ സന്ദർശനം നടത്തി. (എങ്കിൽ) അയാളോട് അല്ലാഹു പറയും: ‘നീ നല്ലത് ചെയ്തു. നിന്റെ നടത്തം നന്നാക്കി. സ്വർഗത്തിൽ നിനക്കൊരു വീട് നീ തയ്യാറാക്കി”(തിർമിദി).

ഏതൊരു കർമത്തിന്റെയും സ്വീകാര്യതയ്ക്ക് നിഷ്കളങ്കമായ നിയ്യത്ത് അനിവാര്യമാണ് എന്നത് ഇവിടെയും ബാധകമാണ്. എനിക്ക് രോഗം വന്നപ്പോൾ അയാൾ സന്ദർശിച്ചിരുന്നു, അതുകൊണ്ട് അയാൾക്ക് രോഗം വരുമ്പോൾ പോകാതിരിക്കുന്നതെങ്ങനെ എന്ന രീതിയിലുള്ള സന്ദർശനത്തിന് മുകളിൽ പറഞ്ഞ പ്രതിഫലം ലഭിക്കുകയില്ല.

**രോഗിയെ സന്ദർശിക്കുമ്പോൾ പാലിക്കേണ്ട ചില മര്യാദകൾ**

1. റബ്ബിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ച് ചെയ്യുക.

2. രോഗിയോട് സ്നേഹത്തോടെയും ക്ഷമയോടെയും പെരുമാറുക.

3. അല്ലാഹുവിനെയും പരലോകത്തെയും കുറിച്ച് ഓർമിപ്പിക്കുക.

4. അല്ലാഹുവിൽ പ്രതീക്ഷ കൊടുക്കുക, ആശ്വസിപ്പിക്കുക.

5. രോഗിക്ക് വേണ്ടി പ്രാർഥിക്കുക.

നബി(സ്വ) പഠിപ്പിച്ച പ്രാർഥനകളിൽ ഒന്ന് താഴെ കൊടുക്കുന്നു:

اللَّهُمَّ رَبَّ النَّاسِ اشْفِ أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا

“ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഉപദ്രവം നീ നീക്കേണമേ. നീ രോഗശമനം പ്രദാനം ചെയ്യേണമേ. നീയാകുന്നു രോഗശമനം നൽകുന്നവൻ. നിന്റെ രോഗശമനമല്ലാതെ യാതൊരു രോഗശമനവും ഇല്ല. ഒരു രോഗവും ഉപേക്ഷിക്കാത്ത ശമനം (പ്രദാനം ചെയ്യേണമേ).”

ആരെങ്കിലും രോഗിയായാൽ നബി(സ്വ) വലതുകൈകൊണ്ട് അയാളെ തടവി ഇപ്രകാരം മന്ത്രിക്കാറു ണ്ടായിരുന്നു എന്ന് ആഇശ(റ) പറഞ്ഞതായി സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹുൽ മുസ്‌ലിമിലും ഉണ്ട്. സഹോദരിമാർക്ക് സ്ത്രീകളായ രോഗികളെയും മഹ്റമായവരെയും ഇപ്രകാരം ചെയ്യാവുന്നതാണ്.

6. രോഗിയുടെ മുന്നിൽ വെച്ച് ഇതേ രോഗം പിടിപെട്ടു മരണപ്പെട്ടതോ കഷ്ടപ്പെടുന്നതോ ആയവരെ കുറിച്ച് പറഞ്ഞ് അയാളെ കൂടുതൽ വിഷമിപ്പിക്കാതിരിക്കുക.

**രോഗി പാലിക്കേണ്ട ചില മര്യാദകൾ**

1. ക്ഷമയും അല്ലാഹുവിനെ കുറിച്ചുള്ള നല്ല വിചാരവും ഉണ്ടായിരിക്കുക.

2. മരണത്തെ ആഗ്രഹിക്കരുത്. അങ്ങനെ ഒരു അവസ്ഥ വന്നാൽ നബി(സ) പഠിപ്പിച്ചുതന്നതുപോലെ പ്രാർഥിക്കുക:

اللَّهُمَّ أَحْيِنِي إِذَا كَانَتِ الْحَيَاةُ خَيْرًا لِي وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي

“ജീവിതമാണ് എനിക്ക് ഉത്തമമെങ്കിൽ എന്നെ ജീവിപ്പിക്കുകയും മരണമാണ് ഉത്തമമെങ്കിൽ മരിപ്പിക്കുകയും ചെയ്യേണമേ.”

3. മറ്റുള്ളവരോട് എന്തെങ്കിലും ബാധ്യതയുണ്ടെങ്കിൽ അത് നിറവേറ്റുക.

4. അനന്തരാവകാശ സ്വത്തിൽനിന്ന് അനന്തരാവകാശികളല്ലാത്തവർക്ക് വസ്വിയ്യത്ത് ചെയ്യാൻ ഉദ്ദേശിക്കു ന്നുണ്ടെങ്കിൽ അത് ചെയ്യുക.

6. മരണാനന്തര ആചാരങ്ങളുമായി ബന്ധപ്പെട്ട് കുടുംബക്കാരോ ബന്ധുമിത്രാദികളോ വല്ല അനാചാരവും നടത്തുമെന്ന് ഭയപ്പെട്ടാൽ തീർച്ചയായും അത് വിലക്കിക്കൊണ്ട് വസ്വിയ്യത്ത് എഴുതിവെക്കേണ്ടതാണ്. (ഉദാ: കണ്ണൂക്ക്, അടിയന്തിരം, ഖത്തപ്പുരകെട്ടി അതിലിരുന്ന് ക്വുർആൻ ഓതൽ).

**രോഗങ്ങളിൽനിന്നും കാവൽ തേടുക**

അനസ് ഇബ്നു മാലികി(റ) ൽനിന്നും, നബി(സ്വ) ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു:

اللَّهُمَّ إِنِّي أَعوذُ بِكَ مِنَ الْبَرَصِ والْجُنُونِ والْجُذَامِ وَمِن سَيِّئِ الْأَسْقَامِ

“അല്ലാഹുവേ വെള്ളപ്പാണ്ട്, കുഷ്ഠം, ഭ്രാന്ത്, മറ്റു മോശമായ രോഗങ്ങൾ എന്നിവയിൽനിന്നെല്ലാം ഞാൻ നിന്നോട് അഭയം തേടുന്നു” (സ്വഹീഹുൽ ജാമിഅ്).

■

ശഫീന ബിൻത് അബ്ദുർറഹ്മാൻ



# തനിച്ചല്ല ഞാൻ

കരുണാമയനാം അല്ലാഹുവേ,
ഇഹലോകത്തേക്ക് നീയെന്നെ
പറഞ്ഞയച്ചപ്പോൾ
എന്നെ നീ ബധിരയാക്കിയില്ല,
വൈകല്യങ്ങളൊന്നും നൽകിയില്ല.
അനുഗ്രഹങ്ങളേറെ നൽകി
നീയെന്നെ പരിപാലിച്ചു.
പലപ്പോഴും നന്ദികേടു കാട്ടിയിട്ടും
നിന്റെ അനുഗ്രഹങ്ങൾ
നീ എന്നിൽനിന്നും നീക്കം ചെയ്തില്ല.
പരീക്ഷണങ്ങളുടെ തീച്ചൂളയിൽ
ഞാൻ വെന്തുരുകുമ്പോൾ,
ഞാൻ കൂടെയുണ്ടെന്ന നിന്റെ വാക്കുകൾ
എനിക്കേറെ ആശ്വാസമേകി.
ഒറ്റപ്പെടുത്തലും കുറ്റപ്പെടുത്തലും
നേരിട്ടപ്പോഴെല്ലാം
അടിമക്ക് ഞാൻ മതിയായവനല്ലേ
എന്ന നിന്റെ ചോദ്യം കൊണ്ട്
നീയെനിക്ക് സ്ഥൈര്യം നൽകി.
ഉറ്റവരിൽ പലരും വിടപറഞ്ഞപ്പോൾ
എല്ലാവരും എന്നിലേക്ക്
മടങ്ങേണ്ടവരാണെന്ന
നിന്റെ ഓർമപ്പെടുത്തൽ
സങ്കടങ്ങളെ ഇല്ലാതാക്കി.
ഇടയ്ക്കിടെയുള്ള പരീക്ഷണങ്ങളിലൂടെ
നീയെന്നെ സ്നേഹിക്കുന്നുവെന്ന്
ഓർമപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.
നീയെന്റെ കൂടെയുണ്ടെന്നതിനാൽ
ആരൊക്കെ എന്നെ കൈവെടിഞ്ഞാലും
ഞാനൊരിക്കലും തനിച്ചാകുകയില്ലല്ലോ.
■





ആദ്യ വിവാഹബന്ധം വേർപെടുത്താതെ മുസ്‌ലിം പുരുഷന് രണ്ടാം വിവാഹം രജിസ്റ്റർ ചെയ്യാനാകില്ലെന്ന ഹൈക്കോടതി നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിലെ ബഹുഭാര്യത്വം വീണ്ടും പൊതുസമൂഹത്തിൽ ചർച്ചക്ക് വന്നിരിക്കുകയാണ്. തോന്നുംപോലെ കല്യാണം കഴിക്കാനും തോന്നുമ്പോൾ മൊഴിചൊല്ലാനും ഇസ്‌ലാമിൽ വകുപ്പുണ്ടെന്ന തെറ്റായ ധാരണയാണ് പലരും വച്ചുപുലർത്തുന്നത്. ഈ ധാരണയിൽ കഴമ്പുണ്ടെന്ന തോന്നലുണ്ടാക്കാൻ ഒരുപക്ഷേ, ഹൈക്കോടതിയുടെ ഈ നിരീക്ഷണം നിമിത്തമായേക്കാം.

മുഹമ്മദ് നബി(സ്വ)ക്കു മുമ്പ് ലോകത്ത് പല സമൂഹങ്ങളിലും ബഹുഭാര്യത്വം നിലവിലുണ്ടായിരുന്നു. അതിൽ യാതൊരു പരിധിയുമില്ലായിരുന്നു. പരമാവധി നാലു ഭാര്യമാർ എന്ന് ഇസ്‌ലാം അതിന് പരിധി നിശ്ചയിച്ചു; ഒപ്പം കർശനമായ വ്യവസ്ഥകളും കൊണ്ടുവന്നു. രണ്ടോ മൂന്നോ നാലോ ആകാമെന്നു പറഞ്ഞ ശേഷം, അവർക്കിടയിൽ നീതി പുലർത്താനാകില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം വിവാഹം കഴിക്കുക എന്ന് ഖുർആൻ (4:3)

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

താൻ എന്തിന് വേറെ വിവാഹം കഴിക്കുന്നു എന്ന് ഭാര്യയെ ബോധ്യപ്പെടുത്തുന്നത് നല്ല കാര്യം തന്നെയാണ്. വിവാഹത്തിലെ ചൂഷണവും മറ്റു അന്യായങ്ങളും നിയന്ത്രിക്കാൻ കോടതിക്ക് ഇടപെടാവുന്നതാണ്. എന്നാൽ മുസ്‌ലിം വ്യക്തി നിയമത്തെ അസ്ഥാനത്താക്കും വിധമുള്ള ഇടപെടലുകൾ നടത്തുന്നത് വലിയ നിയമപ്രശ്നങ്ങൾക്ക് കാരണമാകും.

# ബഹുഭാര്യത്വം വീണ്ടും ചർച്ചാവിഷയമാകുമ്പോൾ...

വ്യക്തമായി പറയുന്നുണ്ട്.

ഭക്ഷണം, പാനീയം, വസ്ത്രം, താമസം, സഹശയനം, ചെലവിന് നൽകൽ തുടങ്ങിയവയിലെല്ലാം നീതി പാലിക്കേണ്ടതാണ്. ഈ അവകാശങ്ങൾ നീതിപൂർവം നിർവഹിച്ചുകൊടുക്കാൻ കഴിയുമെന്ന് ഉറപ്പില്ലാത്തവർ ഒന്നിലധികം വിവാഹം ചെയ്യാൻ പാടില്ല. നീതി പാലിക്കുക എന്നാണ് ക്വുർആൻ പറയുന്നത്, തുല്യത പാലിക്കുക എന്നല്ല. കാരണം എല്ലാ കാര്യങ്ങളിലും തുല്യത പുലർത്തൽ ചിലപ്പോൾ അനീതിയായി മാറിയേക്കാം. സ്വന്തമായി വീടുള്ള, മക്കളില്ലാത്ത ഒരുവൾക്കും സ്വന്തമായി വീടില്ലാത്ത രണ്ടോ മൂന്നോ മക്കളുള്ള വിധവയെ വിവാഹം ചെയ്താൽ അവൾക്കും ഒരേ പോലെയല്ലല്ലോ ചെലവു വരിക. അതിനനുസരിച്ച് നൽകുമ്പോഴാണ് നീതി പാലിക്കലാവുക.

എന്നാൽ സ്ത്രീകൾക്കിടയിൽ സ്നേഹവും നീതിയും തുല്യരൂപത്തിൽ വീതിക്കാൻ പുരുഷന് സാധ്യമല്ലെന്ന് അല്ലാഹു വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് ഒരുവളിലേക്ക് മാത്രം പൂർണമായി തിരിഞ്ഞ് മറ്റവളെ ഭാര്യയല്ല, മോചിതയുമല്ല എന്ന നിലയിൽ വിട്ടേക്കാനും പാടില്ലെന്ന് അല്ലാഹു ഉണർത്തുന്നു: “നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണമായി തിരിഞ്ഞുകൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു” (4:129).

വിധവകളെയും അനാഥരെയും സംരക്ഷിക്കുക പോലുള്ള സാമൂഹിക കാരണങ്ങളാലും ഭാര്യയുടെ വന്ധ്യത, മാറാരോഗം, ലൈംഗികവിരക്തി പോലുള്ള വൈയക്തിക കാരണങ്ങളാലുമൊക്കെ ഭർത്താവിന് മറ്റൊരു വിവാഹം കഴിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാവാം. ഈ സാഹചര്യത്തിൽ ആദ്യഭാര്യയെ ഉപേക്ഷിക്കുന്നതിന് പകരം, അവൾക്ക് ആവശ്യമായ സംരക്ഷണം നൽകിക്കൊണ്ട് ബഹുഭാര്യത്വം സ്വീകരിക്കുന്നതല്ലേ ഇരുവർക്കും ഗുണകരം? ഇസ്‌ലാം നിബന്ധനകൾക്കു വിധേയമായി ബഹുഭാര്യത്വം അനുവദിക്കുമ്പോൾ, അവിഹിത ബന്ധങ്ങളെയും വ്യഭിചാരത്തെയും കർശനമായി നിരോധിക്കുന്നു എന്നത് ഇതിനോട് ചേർത്തു വായിക്കണം.

തന്റെ ഭർത്താവ് മറ്റൊരുവളെക്കൂടി ഭാര്യയാക്കുന്നത് ഇഷ്ടപ്പെടുന്ന ഭാര്യമാർ അത്യപൂർമാണ്. അതുകൊണ്ടുതന്നെ ആദ്യ ഭാര്യയിൽനിന്ന് സമ്മതം ലഭിക്കുക എന്നത് പ്രയാസകരമായിരിക്കും. ഭർത്താവിന് അതിന്റെ അനിവാര്യതയുണ്ടെങ്കിൽ അത് മനസ്സിലാക്കിയെങ്കിലും അനുവാദം നൽകുവാൻ മുസ്‌ലിം സ്ത്രീയുടെ മനസ്സ് പാകപ്പെടണം. കാര്യങ്ങൾ പരസ്പരം പങ്കുവെച്ചും ചർച്ചചെയ്തുമാണ് മുന്നോട്ടു പോകേണ്ടത്. താൻ എന്തിന് വേറെ വിവാഹം കഴിക്കുന്നു എന്ന് ഭാര്യയെ ബോധ്യപ്പെടുത്തുന്നത് നല്ല കാര്യം തന്നെയാണ്. വിവാഹത്തിലെ ചൂഷണവും മറ്റു അന്യായങ്ങളും നിയന്ത്രിക്കാൻ കോടതിക്ക് ഇടപെടാവുന്നതാണ്. എന്നാൽ മുസ്‌ലിം വ്യക്തി നിയമത്തെ അസ്ഥാനത്താക്കും വിധമുള്ള ഇടപെടലുകൾ നടത്തുന്നത് വലിയ നിയമപ്രശ്നങ്ങൾക്ക് കാരണമാകും. ■

ആമിന അബ്ദുൽ മുജീബ്
രാമപുരം



# ഗസ്സയിലെ പൈതൽ

ഗസ്സയെന്ന കോൺക്രീറ്റ്
കൂനകൾക്കിടയിലൂടെ
ചോരയൊലിക്കുന്ന ദേഹവുമായി
ആ പെൺപൈതൽ
വേച്ചു വേച്ച് നടക്കുകയാണ്...
അർധരാത്രിയിൽ
ഘോരശബ്ദം കേട്ടാണ്
ഞെട്ടിയുണർന്നത്.
തകർന്ന വീട്ടിൽനിന്ന്
നിലവിളികളുയർന്നു;
പിന്നീടത് കെട്ടമർന്നു.
കരഞ്ഞു കരഞ്ഞ് അവൾ
തളർന്നുറങ്ങി!

നേരം പുലർന്നപ്പോൾ
ഉമ്മയുടെ കൈകൾ മാത്രം
കല്ലുകൾക്കിടയിലൂടെ
പുറത്തേക്ക് കണ്ടു.
അവ തന്നെ മാടിവിളിക്കുന്നതായി
അവൾക്കു തോന്നി.
'ഉമ്മീ' എന്നുറക്കെ വിളിക്കാൻ
അവൾ ശ്രമിച്ചെങ്കിലും
ശബ്ദം പുറത്തു വന്നില്ല.
ഉപ്പയുടെയും കൂടെപ്പിറപ്പുകളുടെയും
അടയാളം പോലും കാണാനില്ല!
അവൾക്കിപ്പോൾ ശബ്ദമില്ല!
അവൾക്കിപ്പോൾ വിശപ്പില്ല!
അവൾക്കിപ്പോൾ ദാഹമില്ല!
അവൾക്കിപ്പോൾ വേദനയില്ല!
അവൾ എങ്ങോട്ടെന്നില്ലാതെ
നിരങ്ങി നീങ്ങുകയാണ്...
അതാ...!
ദൂരെനിന്നും ഇസ്രായേൽ
പട്ടാളക്കാരുടെ വാഹനം വരുന്നു.
അവൾ കോപത്താൽ വിറച്ചു,
അവളുടെ കണ്ണുകളിൽ തീയാളി!
പതിയെ കുനിഞ്ഞ്
ഒരു കല്ലെടുത്ത് അവൾ
ഉന്നുവച്ചു നിന്നു...
ആ കല്ലിൽ കുഞ്ഞിളം കൈയിലെ
ചോര പുരളുന്നത്
അവൾ അറിഞ്ഞതേയില്ല!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# മലയാളത്തിൽ ആദ്യമായി

WISDOM BOOKS




## തഫ്സീർ അസ്സഅദി

[മലയാളം]

ജുസ്അ് 28-30

അബ്ദുറഹ്മാൻ നാസിർ അസ്സഅദി رحمه الله

വിവർത്തനം:

ഹാരിസ് ബിൻ സലീം

സമ്മേളന നഗരിയിൽ ~~₹450~~ ₹370

നിങ്ങളുടെ കോപ്പികൾ ഉറപ്പ് വരുത്തുക

ലളിതമായ രീതിയിലുള്ള അവതരണം

KERALA 4.0 TEACHERS CONFERENCE
Nurturing Humanity

## കേരള ടീച്ചേഴ്സ് കോൺഫറൻസിൽ വെച്ച്
## പ്രകാശനം ചെയ്യപ്പെടുന്നു.

FOR ENQUIRY: 7356766478

KERALA 4.0 TEACHERS CONFERENCE
Nurturing Humanity

2025 NOVEMBER 16 SUNDAY

OPH CONVENTION CETRE

PATTAMBI

For Registration

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
15 November 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

നിലപാടുകളിൽ കാലിടറാതെ,
ഒമ്പതാം
വയസ്സിലേക്ക്...



WISDOM
ISLAMIC ORGANIZATION

ഒറ്റ പ്രതി
₹12

വാർഷിക
വരിസംഖ്യ: ₹624

പ്രചാരണ
മാസത്തിൽ: ₹550

നേരിന്റെ വരമൊഴി
നേർപഥം
വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

വരി ചേരുക,
വായിക്കുക...

പ്രചാരണ കാലം
2025 നവംബർ: 01 - ഡിസംബർ: 31

#Nerpathamweekly

Circulation Manager | Nerpatham Weekly | CV Complex | PV Swami Road | Chalappuram PO
Kozhikkode 673002 | Kerala | India | PH: 0495 4019437 | +91 92075 25244
mail@nerpatham.com | www.nerpatham.com